بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 7

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

ലക്കം 37

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2022 സെപ്റ്റംബർ 15/ഹി.ശം. 1401 തബൂക് 15/ഹിജ്റ 1444 സ്വഫർ 18


## അല്ലാഹുവിന്റെ വചനം

وَاکۡتُبۡ لَنَا فِیۡ ہٰذِہِ الدُّنۡیَا حَسَنَۃً وَّفِی الۡاٰخِرَۃِ اِنَّا ہُدۡنَاۤ اِلَیۡکَ

(سُوۡرَۃُ الۡاَعۡرَافِ:۱۵۷)

'ഞങ്ങൾക്ക് ഈ ലോകത്തും പരലോകത്തും നന്മ വിധിക്കേണമേ. ഞങ്ങൾ നിന്നിലേക്ക് മടങ്ങിയിരിക്കുന്നു.'(7:157)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## നബിﷺയുടെ സാരോപദേശം:

### നല്ലതും ചീത്തയുമായ കൂട്ടുകെട്ടിന്റെ ഉദാഹരണം.

(2101) ഹദ്റത്ത് അബൂമൂസാ[റ] നിവേദനം. നബി[സ] തിരുമേനി പറഞ്ഞു:നല്ല സ്നേഹിതന്റേയും ചീത്ത സ്നേഹിതന്റേയും ഉപമ കസ്തൂരി വിൽക്കുന്നവന്റേയും കൊല്ലന്റെ ഉല പോലെയുമാണ്. കസ്തൂരി വിൽക്കുന്നവനിൽനിന്ന് നിന്നിലേക്ക് പകരുക ഒന്നുകിൽ നീ അതു വിലക്കുവാങ്ങലോ അല്ലെങ്കിൽ അതിന്റെ സുഗന്ധം നിനക്ക് അനുഭവപ്പെടലോ ആണ്. എന്നാൽ, കൊല്ലന്റെ ഉല നിന്റെ വീട് അഗ്നിക്കിരയാക്കും. അല്ലെങ്കിൽ നിന്റെ വസ്ത്രത്തെ കരിക്കും. അല്ലെങ്കിൽ ദുർഗന്ധം നിനക്ക് അനുഭുവപ്പെടും.

### ഹദ്യ കിട്ടിയത് വിൽക്കൽ

(2104) ഹദ്റത്ത് സാലിം ബിൻ അബ്ദുല്ലാഹ് ബിൻ ഉമർ[റ] തന്റെ പിതാവിൽനിന്ന് നിവേദനം. നബി[സ] തിരുമേനി ഹദ്റത്ത് ഉമറിന് ഒരു പട്ടിന്റെ ജോഡി അല്ലെങ്കിൽ ലൈനുള്ള വസ്ത്രം അയച്ചുകൊടുത്തു. അത് ഉപയോഗിച്ചതാണെന്ന് ഉമർ കണ്ടു. അപ്പോൾ നബി[സ] തിരുമേനി പറഞ്ഞു: താങ്കൾ അത് അണിയുന്നതിനു വേണ്ടിയല്ല ഞാൻ കൊടുത്തയച്ചത്. ആഖിറത്തിന്റെ ബർക്കത്തുകളിൽനിന്ന് നിർഭാഗ്യരായവർ മാത്രമാണ് ഇതു ധരിക്കുന്നത്. ഞാൻ താങ്കൾക്ക് ഇത് അയച്ചത് താങ്കൾ ഇതിൽ ഫലമെടുക്കാനാണ്. അതായത് അതു വില്ക്കാനാണ്. *(ബുഖാരി വാള്യം 4, കിതാബുൽബുയൂഅ്, പ്രസാധനം* 2008 ഖാദിയാൻ)

## തന്റെ ധനത്തിൽനിന്ന് അർഹതപ്പെട്ടവന് ഒന്നും നല്കാത്തവൻ മാത്രമല്ല പിശുക്കൻ എന്ന് ഓർക്കുക. പ്രത്യുത അല്ലാഹു അറിവ് നല്കിയിട്ട് മറ്റുള്ളവർക്ക് അതു പഠിപ്പിച്ചുകൊടുക്കുന്നത് ദോഷമാണെന്ന് കരുതുന്നവനും പിശുക്കനാണ്

### സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ ഉപദേശങ്ങൾ

'തന്റെ ധനത്തിൽനിന്ന് അർഹതപ്പെട്ടവന് ഒന്നും നല്കാത്തവൻ മാത്രമല്ല പിശുക്കൻ എന്ന് ഓർക്കുക. പ്രത്യുത അല്ലാഹു അറിവ് നല്കിയിട്ട് മറ്റുള്ളവർക്ക് അതു പഠിപ്പിച്ചുകൊടുക്കുന്നത് ദോഷമാണെന്ന് കരുതുന്നവനും പിശുക്കനാണ്; അതായത് അറിവ് ആർക്കെങ്കിലും പഠിപ്പിച്ചുകൊടുത്താൽ തന്റെ സ്ഥാനം കുറഞ്ഞുപോകുമെന്നും തന്റെ വരുമാനത്തിൽ ഇടിവുണ്ടാകുമെന്നുമുള്ള വിചാരത്തോടെ! ഇത് ശിർക്കാണ്. കാരണം ഈ രീതിയിൽ അയാൾ ആ അറിവിനേയും വിരുതിനേയുമാണ് തന്റെ അന്നദാതാവും ദൈവവുമായി മനസ്സിലാക്കുന്നത്. ഇപ്രകാരംതന്നെ ആരാണോ തന്റെ സൽസ്വഭാവംകൊണ്ട് പ്രയോജനമെടുക്കാത്തത് അവനും പിശുക്കനാണ്. അഖ്ലാഖ് അഥവാ സൽസ്വഭാവം കൊടുക്കുകയെന്നാൽ, ഏതൊരു ശ്രേഷ്ഠമായ സ്വഭാവങ്ങളാണോ അല്ലാഹു തന്റെ കൃപകൊണ്ട് നല്കിയത്, അവന്റെ സൃഷ്ടികളോടു ആ സൽസ്വഭാവംകൊണ്ട് പെരുമാറുക എന്നാണ്. ആ ആളുകൾ അവന്റെ മാതൃകകണ്ട് സ്വയം സൽസ്വഭാവങ്ങളുണ്ടാക്കാൻ ശ്രമിക്കുന്നതായിരിക്കും.

മാർദവമായ നാവുകൊണ്ടും വാക്കുകളുടെ മൃദുത്വംകൊണ്ടും പ്രവൃത്തിക്കുക എന്നത് മാത്രമല്ല സൽസ്വഭാവങ്ങൾകൊണ്ട് ഉദ്ദേശിക്കുന്നത്. അങ്ങനെയല്ല. പ്രത്യുത ധീരത, മനുഷ്യത്വം, പവിത്ര തുടങ്ങി എത്രത്തോളം കഴിവുകൾ മനുഷ്യനു നല്കപ്പെട്ടിട്ടുണ്ടോ യഥാർഥത്തിൽ എല്ലാം ധാർമികപരമായ ശക്തികളാണ്. അവ സന്ദർഭത്തിനനുസരിച്ച് ഉപയോഗിക്കുന്നതുതന്നെയാണ് അവരെ ധാർമികാവസ്ഥയിൽ കൊണ്ടുവരുന്നത്. ഉചിതമായ അവസരത്തിൽ ദേഷ്യത്തിന്റെ ഉപയോഗവും ധാർമികപരമായ വർണം സ്വീകരിക്കാറുണ്ട്.'

*(മൽഫൂദാത്താ വാള്യം 1, പേജ് 289, പ്രസാധനം ഖാദിയാൻ 2018)*

## ഒരു ആയത്ത് ഇറക്കിയതിനുശേഷം അതിനെ മാറ്റി തൽസ്ഥാനത്ത് വേറൊരു ആയത്ത് വെക്കപ്പെട്ടതായി ചരിത്രത്തിൽനിന്ന് ഒരു ആയത്തുപോലും സ്ഥാപിതമാകുന്നില്ല. എനിക്ക് വിശുദ്ധ ഖുർആനിലെ ഒരു കല്പനയെ സംബന്ധിച്ചും, ആദ്യം ഇന്ന തരത്തിലായിരുന്നുവെന്നതിനും പിന്നീട് ഇന്ന തരത്തിലേക്ക് മാറ്റിയെന്നതിനുമുള്ളതിന് ഒരു തെളിവും കിട്ടിയിട്ടില്ല. ബാഹ്യമായി നോക്കുമ്പോൾ ഈ പ്രശ്നം തികച്ചും വ്യക്തമാണ്. പക്ഷേ, എപ്പോഴും ആളുകൾ ഇതു സംബന്ധമായി വഞ്ചിതരാകുന്നു. അതിനു കാരണം ആളുകൾ കാര്യം മാറ്റുന്നതിനെ കളവായി മനസ്സിലാക്കുന്നു. വാസ്തവത്തിൽ ശിക്ഷ മാറ്റുക എന്നത് കളവാകുകയില്ല. വാഗ്ദാനം മാറ്റുക എന്നതാണ് കളവ്!

സൂറത്തുന്നഹ്ലിന്റെ 102-ാം വചനമായ, ***വ ഇദാ ബദ്ദൽനാ ആയത്തൻ മ്മകാന ആയത്തിൻ വല്ലാഹു അഅ്ലമു ബിമാ യുനസ്സിലു ഖാലൂ ഇന്നമാ അൻത മുഫ്ത്തരിൻ ബൽ അക്ഥറുഹും ലാ യഅ്ലമൂൻ*** (നാം ഒരു ദൃഷ്ടാന്തത്തെ മാറ്റി തൽസ്ഥാനത്ത് മറ്റൊരു ദൃഷ്ടാന്തം കൊണ്ടുവരുമ്പോൾ - അല്ലാഹു അവതരിപ്പിക്കുന്നതിനെ സംബന്ധിച്ച് അവനേറ്റവും നന്നായി അറിയുന്നവനാണ്- അവർ പറയും, നീയൊരു കറ്റുകെട്ടുകാരൻ മാത്രമാണ്! 'എന്നാൽ, അവരിൽ അധികമാളും അറിയുന്നില്ലെന്നതാണ് വാസ്തവം) എന്നതിന് നല്കിയ വ്യാഖ്യാനത്തിൽ ഹദ്റത്ത് മുസ്വ്ലിഹ് മൗഊദ്[റ] പറയുന്നു: ചില ഖുർആൻ വ്യാഖ്യാതാക്കൾ ഈ ആയത്തിന് ഇങ്ങനെ അർഥം പറഞ്ഞിരിക്കുന്നു. വിശുദ്ധ ഖുർആനിലെ ഒരു ആയത്ത് കാലഹരണപ്പെടുത്തി മറ്റൊരു ആയത്തിറക്കുമ്പോൾ അവിശ്വാസികൾ നിങ്ങൾ കള്ളം പറയുന്നവരാണെന്ന് ആക്ഷേപമുന്നയിക്കുന്നു. വിശുദ്ധ ഖുർആൻ അല്ലാഹുവിന്റെ ഗ്രന്ഥമാണെങ്കിൽ അതിലെ വചനങ്ങൾ എങ്ങനെയാണ് കാലഹരണപ്പെട്ടത്?

എന്റെ പക്കൽ ഈ തർജമ ശരിയല്ല. കാരണം ഒരു ആയത്ത് ഇറക്കിയതിനു ശേഷം അതിനെ മാറ്റി തൽസ്ഥാനത്ത് വേറൊരു ആയത്ത് വെക്കപ്പെട്ടതായി ചരിത്രത്തിൽനിന്ന് ഒരു ആയത്തുപോലും സ്ഥാപിതമാകുന്നില്ല. അങ്ങനെയായിരുന്നെങ്കിൽ നബി[സ] തിരുമേനിയുടെ ജീവിതത്തിൽ വിശുദ്ധ ഖുർആൻ ഹൃദിസ്തമാക്കിയ ഹാഫിളുമാർ, ആദ്യം തങ്ങളെ ഇന്ന ആയത്തിനുശേഷം ഇന്ന ആയത്ത് ഹൃദിസ്തമാക്കിച്ചെന്നും പിന്നീട് അതുമാറ്റി ഇങ്ങനെ ഹൃദിസ്തമാക്കിച്ചെന്നും സാക്ഷ്യം പറയുമായിരുന്നു. ഇത്തരത്തിലുള്ള തെളിവുകൾ കിട്ടാത്തതുതന്നെ വിളിച്ചോതുന്നത് ഇതിനെ സംബന്ധിച്ച് എത്രത്തോളം ചിന്താഗതികൾ നിലവിലുണ്ടോ അവയുടെ അടിത്തറ ഊഹങ്ങളിലാണ്, അറിവില്ലെന്നാണ്.

ചില കല്പനകൾ നബി[സ] തിരുമേനിയുടെ കാലത്ത് മാറ്റിയിട്ടുണ്ടെന്നതിനെ ഞാൻ നിഷേധിക്കുന്നവനല്ല. എന്നാൽ, എനിക്ക് വിശുദ്ധ ഖുർആനിലെ ഒരു കല്പനയെ സംബന്ധിച്ചും, ആദ്യം ഇന്ന തരത്തിലായിരുന്നുവെന്നതിനും പിന്നീട് ഇന്ന തരത്തിലേക്ക് മാറ്റിയെന്നതിനുമുള്ളതിന് ഒരു തെളിവും കിട്ടിയിട്ടില്ല. എന്റെ പക്കൽ ഖുർആനികമായ കല്പനയല്ലാതെ താൽക്കാലികമായിട്ടുണ്ടായിരുന്ന ചില കല്പനകളാകാം. അത് ഖുർആനിൽ ഇറങ്ങിയിട്ടുതന്നെ ഇല്ലായിരുന്നു, അതുകൊണ്ട് വിശുദ്ധ ഖുർആന് അത് മാറ്റേണ്ട ആവശ്യംതന്നെ

ശേഷം പേജ് 12ൽ


### ഈ ലക്കത്തിൽ

ജുമുഅ ഖുത്വ്ബ
12 ആഗസ്റ്റ് 2022
സമ്പൂർണ പരിഭാഷ

ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം


ക്യൂആർ കോഡ് സ്കാൻ ചെയ്യൂ... ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കൂ...

The Weekly BADR Qadian (Malayalam)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

**അല്ലാഹു എല്ലാ ആശങ്കയും ഭയവും സമാധാനത്തിലേക്ക് മറ്റി.**

**അല്ലാഹു എല്ലാ അഹ്മദികളുടേയും ഈമാനിലും ദൃഢവിശ്വാസത്തിലും അഭിവൃദ്ധി നല്കുകയും ജൽസയുടെ സ്വാധീനശക്തി അനശ്വരമാക്കുകയും താൽക്കാലികമാക്കാതിരിക്കുകയും ചെയ്യുമാറാകട്ടെ.**

**ആദ്യമായി ഞാൻ എല്ലാ പ്രവർത്തകർക്കും നന്ദി അറിയിക്കുന്നു. അവർ ജൽസയുടെ തയ്യാറെടുപ്പ് തൊട്ട് വയിന്റപ്പുവരെ നിസ്വാർഥ സേവനം അനുഷ്ഠിച്ചു.**

**എം.ടി.എയുടെ കാമറക്കണ്ണുകളിലൂടെ നമുക്ക് ഒരു ഒത്തൊരുമയുടെ ദൃശ്യം കാണാൻ സാധിച്ചു. അത് അല്ലാഹുവിന്റെ സവിശേഷമായ അനുഗ്രഹമാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ ഐക്യത്തെ എം.ടി.എ മുഖേന മുഴുലോകത്തിനും കാണിച്ചു കൊടുത്തുകൊണ്ട് ശത്രുക്കളെ നിരുദ്ധകണ്ഠരാക്കി.**

**ആ സ്നേഹം അല്ലാഹു തന്നെ ജനമനസ്സുകളിൽ ഇട്ടതുപോലെ അനുഭവപ്പെട്ടു. അതിൽ കൃത്രിമത്വത്തിന്റെ ലാഞ്ചനപോലുമുണ്ടായിരുന്നില്ല.** *(ഒരു അനഹ്മദി പണ്ഡിതൻ)*

**യഥാർഥ ഇസ്‌ലാം അഹ്മദിയ്യത്തുതന്നെയാണ്. ജനങ്ങൾ ഈ യാഥാർഥ്യത്തെ മനസ്സിലാക്കുകയും ഇതിൽ പ്രവേശിക്കുകയും ചെയ്യുന്ന കാലം വിദൂരമല്ല.** *(ഒരു അനഹ്മദി സുഹൃത്ത്)*

**ഇസ്‌ലാം സ്ത്രീകൾക്ക് നല്കിയിട്ടുള്ളത്ര അവകാശങ്ങൾ ക്രൈസ്തവമതം സ്ത്രീകൾക്ക് നല്കിയിട്ടില്ലെന്ന് പറയുന്നതിൽ എനിക്ക് ഒരു ലജ്ജയുമില്ല.** *(പാതിരി)*

**എപ്രകാരം അഹ്മദിയ്യാ ജമാഅത്ത് നബി(സ) തിരുമേനി നമുക്കു നല്കിയ ഇസ്‌ലാമിന്റെ ഈ യഥാർഥ അധ്യാപനം അവതരിപ്പിച്ചുവോ എന്റെ പക്കൽ ഇതു ജമാഅത്തിന്റെ മാത്രം മറ്റുള്ളവർക്കൊന്നുമില്ലാത്ത പ്രത്യേകതയാണ്.** *(ഹമ്പലി ഇമാം)*

**ഈ ജൽസമുഖേന എനിക്ക് ഈ ദൈവികജമാഅത്തിലും വിശ്വാസം വർദ്ധിച്ചു.** *(ഇന്തൊനേഷ്യൻ നവഅഹ്മദി വനിത)*

**അഹ്മദിയ്യ ജമാഅത്തിലെ ഐക്യത്തിന്റെ സ്വയം പര്യാപ്തമായ തെളിവായിരുന്നു ഈ ആഗോള ജൽസാസാലാന. ലോകം മുഴുവനുമുള്ള അഹ്മദികൾ ഒരു ഖലീഫയുടെ കൈയിൽ സംഘടിച്ചിരിക്കുന്നു.** *(ഒരു അൽബേനിയൻ അഹ്മദി)*

**ഞാനിന്നേവരെ ഇങ്ങനെയുള്ള പരിപാടി കണ്ടിട്ടേയില്ല. ഇതിൽ ആളുകൾ തങ്ങളുടെ ലീഡറെ എത്ര സ്നേഹത്തോടും ആദരവോടും കൂടിയാണ് കേൾക്കുന്നത്.** *(ഒരു അനഹ്മദി സ്നേഹിതൻ)*

**ഈ നേരത്ത് മുസ്‌ലിം ഉമ്മത്തിനെ ആർക്കെങ്കിലും രക്ഷിക്കാൻ കഴിയുമെങ്കിൽ അത് അഹ്മദിയ്യ ഖിലാഫത്തിനു മാത്രമാണ്. ഇന്ന് ഞാൻ അഹ്മദിയ്യ ജമാഅത്തിൽ ചേരുന്നതായി പ്രഖ്യാപിക്കുകയാണ്.** *(ജൽസ നടക്കുമ്പോൾ ബയ്അത്ത് ചെയ്ത് സ്ത്രീ)*

**ഖലീഫത്തുൽ മസീഹിന്റെ പ്രസംഗം വിശുദ്ധ ഖുർആനിലെ ആയത്തുകളും നബി(സ) തിരുമേനിയുടെ ജീവിതചരിത്രവും ബുദ്ധിപരമായ തെളിവുകളും അടങ്ങിയതായിരുന്നു.** *(അൽബേനിയക്കാരനായ അഹ്മദി അനുകൂലി)*

### 2022 യു.കെ.ജൽസയുടെ അവസരത്തിൽ അനഹ്മദികളിൽനിന്നും അഹ്മദികളിൽനിന്നുമുള്ള പ്രതികരണങ്ങൾ

**നുസ്റത്ത് ഖുദ്റത്ത് സുൽത്വാന സാഹിബ, ജനാസ ചൗദ്ദരി ലത്വീഫ് അഹ്മദ് ജട്ട് സാഹിബ് മുശ്താഖ് അഹ്മദ് ആലം സാഹിബ് എന്നിവരെ കുറിച്ചുള്ള അനുസ്മരണവും ജനാസ ഗാഇബും**

**ഖുത്ബ ജുമുഅ 2022 ആഗസ്റ്റ് 12/1401 ള്വുഹൂർ 12, മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**
**ایدہ اللہ تعالیٰ بنصرہ العزیز**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِينَ ○ الرَّحْمٰنِ الرَّحِيمِ ○ مٰلِكِ يَوْمِ الدِّينِ ○ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيمَ ○ صِرَاطَ الَّذِينَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوبِ عَلَيْهِمْ وَلَا الضَّالِّينَ ○

അൽഹംദുലില്ലാഹ് അല്ലാഹു നമുക്ക് കഴിഞ്ഞയാഴ്ച യു.കെ. ജൽസാ സാലാന കൊണ്ടാടാനുള്ള തൗഫീഖ് തന്നരുളുകയുണ്ടായി. ആ മൂന്നു ദിവസങ്ങളിലും അല്ലാഹുവിന്റെ അളവറ്റ അനുഗ്രഹങ്ങൾ നമ്മൾ കാണുകയും ചെയ്തു. ഈ വർഷം ആദ്യം കരുതിയിരുന്നത് കോവിഡ് മഹാമാരിയുടെ വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ കഴിഞ്ഞ വർഷങ്ങളിലെപോലെ ചെറിയ തോതിൽ ജൽസാ നടത്താമെന്നായിരുന്നു. എന്നാൽ, അവസാന മാസങ്ങളാകുമ്പോഴേക്കും യു.കെ.യിലുള്ള മുഴുവൻ അഹ്മദികൾക്കും ജൽസയിൽ പങ്കെടുക്കാനുള്ള അനുമതി നല്കാമെന്നുള്ള തീരുമാനമുണ്ടായി. കാരണം തുടക്കത്തിൽ സംഘാടക സമിതി അല്പം പ്രയാസത്തിലായിരുന്നു. എന്നാലും അവർ തയ്യാറെടുപ്പുകൾ തുടങ്ങി. ശേഷം ഞാനിവിടെ സൂചിപ്പിച്ചതുപോലെ ദൈവാനുഗ്രഹങ്ങൾ വർഷിക്കുന്നത് നമ്മൾ കണ്ടു.

ജൽസയ്ക്കായി എല്ലാവരും കാത്തിരിക്കുന്നു. വർഷം മുഴുവനും അങ്ങനെ തുടരുന്നു. അതിന് സംഘാടകർക്ക് വലിയ തോതിൽ തയ്യാറെടുപ്പുകളും നടത്തേണ്ടതായി വരുന്നു. എന്നാൽ, അനന്തരം ജൽസയ്ക്ക് സമാരംഭം കുറിച്ചാൽ ആ മുന്നു ദിവസങ്ങൾ ഇമവെട്ടുമ്പോഴേക്കും എങ്ങനെ അവസാനിച്ചുവെന്ന് മനസ്സിലാകുകയില്ല. ഈ വർഷം പലയാളുകൾക്കും പ

ലകാര്യങ്ങളെ കുറിച്ചും ആശങ്കയുണ്ടായിരുന്നു. എനിക്കും ചിലർ കത്തെഴുതി ആശങ്ക പങ്കുവെച്ചു. പലരും ദുആയിൽ മുഴുകിയിരുന്നു. ഞാനും ദുആ ചെയ്തുകൊണ്ടിരുന്നു. ജമാഅത്തംഗങ്ങൾ പൊതുവേയും പ്രാർഥനാ നിരതരായിരുന്നു. എന്തായാലും അല്ലാഹു അത്തരം ആശങ്കയും ഭയവും സമാധാനത്തിലേക്ക് മറ്റി. കോവിഡ് വ്യാപനവും അതിനൊരു കാരണമായിരുന്നു. പങ്കെടുത്തവരിൽ ചിലർക്ക് അതിന്റെ ചില പ്രയാസങ്ങളുണ്ടായിക്കാണും. പക്ഷേ, പൊതുവായ നിലയിൽ അല്ലാഹുവിന്റെ വളരെ വലിയ ഫള്‌ലാണുണ്ടായത്.

ഇനി ജൽസയെ കുറിച്ച് ഞാൻ ചിലകാര്യങ്ങൾ പറയുന്നതാണ്. ജൽസയ്ക്കുശേഷമുള്ള ഖുത്ബയിൽ ഞാൻ പ്രവർത്തകർക്ക് നന്ദി പറയാറുള്ളതാണ്. അതിൽ പങ്കെടുത്ത അതിഥികളുടെ അഭിപ്രായങ്ങളും വിവരിക്കാറുണ്ട്. പൊതുവിൽ ജൽസയുടെ കാര്യത്തിലുണ്ടായ ദൈവാനുഗ്രഹങ്ങളേയും കുറിച്ച് പരാമർശിക്കാറുണ്ട്.

ആദ്യമായി ഞാൻ എല്ലാ പ്രവർത്തകർക്കും നന്ദി അറിയിക്കുന്നു. അവർ ജൽസയുടെ തയ്യാറെടുപ്പ് തൊട്ട് വയിന്റപ്പുവരെ നിസ്വാർഥ സേവനം അനുഷ്ഠിച്ചു. വയന്റിപ്പിന്റെ ചില ജോലികൾ ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നുമുണ്ട്. ജൽസാ ദിനങ്ങളിൽ വിവിധ വകുപ്പുകളിലായി സ്ത്രീകളും പുരുഷന്മാരും അടങ്ങിയ പ്രവർത്തകർ തങ്ങളാലാവുംവിധം നല്ല നിലയിൽ പ്രവൃത്തിച്ചു. ഇതിൽ പങ്കെടുത്തവർക്ക് അവരോടു നന്ദി ഉണ്ടാകേണ്ടതാണ്. അതാണ് ഇസ്‌ലാമികമായ ധാർമികത. ഏതെങ്കിലും വിധേന ഒരാൾ നമുക്ക് പ്രയോജനപ്പെട്ടാൽ നമുക്കുവേണ്ടി പ്രവൃത്തിച്ചാൽ അയോളോടു നന്ദി കാണിക്കുക. മനുഷ്യരോടു നന്ദികാണിച്ചാൽ മാത്രമെ അല്ലാഹുവിനോടു നന്ദി കാണിക്കാൻ സാധിക്കകയുള്ളു. കുട്ടികളും സ്ത്രീകളും മുതിർന്നവരും പെൺകുട്ടികളും സേവനങ്ങൾ യഥാർഹം കാഴ്ചവെക്കാനായി ശ്രമിച്ചു. ചിലകുറവുകളും അപാകതകളും മുന്നിൽ വരുകയുണ്ടായി. എന്നാൽ, ഇത്രവലിയ പരിപാടികൾ നടക്കുമ്പോൾ ദൗർബല്യങ്ങളുണ്ടാകുക സ്വാഭാവികമാണ്. ആ കുറവുകളും വീഴ്ചകളും നികത്തുക എന്നത് സംഘാടകരുടെ ബാധ്യതയുമാണ്. ഉദാഹരണത്തിന് സ്ത്രീകളുടെ ഭാഗത്തുണ്ടായ ഭക്ഷണവിതരണത്തെ കുറിച്ചും മറ്റു ചില കാര്യങ്ങളെ കുറിച്ചും പരാതികൾ ലഭിച്ചിട്ടുണ്ട്. അതേ കുറിച്ച് ആളുകളെഴുതിയ കത്തുകൾ ഉടനെതന്നെ സംഘാടകസമിതിക്ക് അയച്ചുകൊടുക്കുന്നുമുണ്ട്. അതനുസരിച്ച് വിലയിരുത്തി നമ്മുടെ ചെമപ്പുപുസ്തകത്തിൽ ഈ കറുവുകൾ രേഖപ്പെടുത്തി അടുത്ത വർഷം നല്ല ഏർപാടു ചെയ്യാൻ ഓരോ വകുപ്പും പരിശ്രമിക്കേണ്ടതാണ്.

എന്നിരുന്നാലും പ്രവർത്തകർ പൊതുവെ ഒരുപാട് യത്നിച്ചു. നല്ല നിലയിൽ പ്രവർത്തിച്ചു. കുട്ടികളും അവരുടെ ഡ്യൂട്ടികൾ നല്ലവണ്ണം നിർവഹിച്ചു. ഏതായാലും ഞാൻ അവർക്കെല്ലാവർക്കും നന്ദി അറിയിക്കുകയാണ്.

അതുപോലെ എം.ടി.എയും വളരെ നല്ല കവറേജാണ് നല്കിയത്. ഇത്തവണ അവർ സ്റ്റുഡിയോയുടെ സജ്ജീകരണങ്ങൾ പൂർണമായും സ്വയം ചെയ്തിട്ടുണ്ടായിരുന്നു. അങ്ങനെ ആയിരക്കണക്കിന് പൗണ്ട് ലാഭിക്കുകയുണ്ടായി. ഈ വർഷം ഒരുപാട് വികസിത രാഷ്ട്രങ്ങളേയും അവികസിത രാഷ്ട്രങ്ങളേയും ജൽസാപരിപാടികളിൽ കൂട്ടിയിണക്കി പ്രദർശിപ്പിച്ചു. അങ്ങനെ ഇവിടെ സന്നിഹിതരായവർക്കും വിവിധ രാജ്യങ്ങളിൽ ഇരിക്കുന്ന തങ്ങളുടെ സഹോദരങ്ങളെ കാണാൻ കഴിഞ്ഞു. എം.ടി.എയുടെ കാമറക്കണ്ണുകളിലൂടെ നമുക്ക് ഒരു ഒത്തൊരുമയുടെ ദൃശ്യം കാണാൻ സാധിച്ചു. അത് അല്ലാഹുവിന്റെ സവിശേഷമായ അനുഗ്രഹമാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ ഐക്യത്തെ എം.ടി.എ മുഖേന മുഴുലോകത്തിനും കാണിച്ചു കൊടുത്തുകൊണ്ട് ശത്രുക്കളെ നിരുദ്ധകണ്ഠരാക്കി. എം.ടി.എ പ്രവർത്തകർ പ്രത്യേകം നന്ദി അർഹിക്കുന്നു.

ഇനി ഞാൻ അന്യവിഭാഗക്കാരുടേയും ജമാഅത്തംഗങ്ങളുടേയും അഭിപ്രായങ്ങളും പ്രതികരണങ്ങളും കേൾപ്പിക്കുന്നതാണ്. അല്ലാഹുവിന്റെ അനുഗ്രഹങ്ങളേയും അനുസ്മരിക്കുന്നതാണ്. ജൽസമുഖേന അല്ലാഹു എപ്രകാരമാണ് ലോകത്ത ഇസ്‌ലാമിന്റെ സന്ദേശം പ്രചരിപ്പിക്കുന്നതെന്നും വിവരിക്കുന്നതാണ്.

നൈജർ(Niger)ലെ നമ്മുടെ ഒരു സഹോദരനാണ് അബൂബക്ർ സീനി സാഹിബ്. അദ്ദേഹം അനഹ്മദിയാണ്. അനഹ്മദി ആലിം അഥവാ പണ്ഡിതനാണ്. 'നിയാമ' പട്ടണത്തിലെ ഒരു മസ്ജിദിൽ ഇമാമുമാണ്. അദ്ദേഹം പറയുന്നു: കാലത്തിന്റെ ഖലീഫയോടു ജനങ്ങൾക്കുള്ള സ്നേഹബന്ധമാണ് എന്നെ ഏറ്റവും കൂടുതൽ ആകർഷിച്ചത്. കാലത്തിന്റെ ഖലീഫയുടെ ഒരു ആംഗ്യത്തിൽത്തന്നെ ആളുകൾ പരിപൂർണ അനുസരണം പ്രകടിപ്പിക്കുന്നു. പ്രഭാഷണങ്ങൾ നടക്കുമ്പോൾ അവിടെ അച്ചടക്കവും നിശബ്ദതയും തളംകെട്ടി നിന്നിരുന്നു. അദ്ദേഹം പറയുന്നു: ആ സ്നേഹം അല്ലാഹു തന്നെ ജനമനസ്സുകളിൽ ഇട്ടതുപോലെ അനുഭവപ്പെട്ടു. അതിൽ കൃത്രിമത്വത്തിന്റെ ലാഞ്ചനപോലുമുണ്ടായിരുന്നില്ല.

ബുർക്കിനാ ഫാസോ (Burkina Faso) യിലെ മറ്റൊരു അനഹ്മദി സുഹൃത്തായ ഇസ്ഹാഖ് സാഹിബ് പറയുന്നു:നിങ്ങളുടെ വാർഷിക സമ്മേളനം വളരെ ഗംഭീരമായിരിക്കുന്നു. അത് സമാനതകളില്ലാത്തതായിരുന്നു. ഇത്രയുമാളുകൾ ഒരിടത്ത് ഒത്തുചേരുന്നതുതന്നെ ഒരു അത്ഭുതമാണ്. ഒരു ഇമാമിനെ പിന്തുടരുന്ന കാര്യത്തിൽ ഈ ജൽസ അനുപമമായി നിലകൊള്ളുന്നു. അദ്ദേഹം പറയുന്നു, ആര് അംഗീകരിച്ചാലും ഇല്ലെങ്കിലും യഥാർഥ ഇസ്‌ലാം അഹ്മദിയ്യത്തുതന്നെയാണ്. ജനങ്ങൾ ഈ യാഥാർഥ്യത്തെ മനസ്സിലാക്കുകയും ഇതിൽ പ്രവേശിക്കുകയും ചെയ്യുന്ന കാലം വിദൂരമല്ല. പുറത്തുള്ള മുസ്‌ലിമീങ്ങളുടെ അഭിപ്രായങ്ങളാണിത്. അല്ലാഹു ഇവിടേക്ക് അവരുടെ ശ്രദ്ധ തിരിച്ചുകൊണ്ടിരിക്കുകയാണ്.

ഫ്രഞ്ച് ഗിയാന (French Guiana)യിൽ സിറിയക്കാരനായ ഒരു അനഹ്മദി സഹോദരനുണ്ട്. അദ്ദേഹം ആദ്യമായാണ് ജൽസ കാണുന്നത്. അവിടെ അറബിഭാഷ സംസാരിക്കുന്നവർക്ക് ജൽസ കാണുന്നതിന് എം.ടി.എ അൽഅറബിയ സംവിധാനം ചെയ്തിരുന്നു. അദ്ദേഹം പറയുന്നു, ഞനിത് ആദ്യമായാണ് ജമാഅത്തിന്റെ സന്ദേശം കേൾക്കുന്നത്. അതുപോലെ നിങ്ങളുടെ ഖലീഫയുടെ പ്രഭാഷണം കേൾക്കുന്നതും ആദ്യമായിട്ടാണ്. ഇസ്‌ലാമിന്റെ യഥാർഥ സന്ദേശം ഇപ്രകാരം ലോകത്ത് പ്രചരിപ്പിക്കുന്ന ഒരു ജനവിഭാഗം മുസ്‌ലിമീങ്ങൾക്കിടയിലുള്ളതും ഒരു ഖലീഫയുടെ കൈയിൽ ബയ്അത്ത് ചെയ്ത് ലോകം മുഴുവൻ അവർ പ്രവർത്തിക്കുന്നതും എന്നിൽ അഗാധമായ സ്വാധീനമാണ് ഉളവാക്കിയത്. ഇൻശാഅല്ലാഹ് ഇനി ഞാൻ തീർച്ചയായും നിങ്ങളുടെ ജമാഅത്തിനെ കുറിച്ച് പഠിക്കുകയും കൂടുതൽ ഗവേഷണം നടത്തുകയും ചെയ്യുന്നതാണ്.

ഫ്രഞ്ച് ഗിയാന (French Guiana)യിൽത്തന്നെയുള്ള ഒരു അനഹ്മദി മുസ്‌ലിം അവിടെ പരിപാടി കാണാൻ വന്നിരുന്നു. അദ്ദേഹം പറയുന്നു: യു.കെ. ജൽസാസാലാനയുടെ പരിപാടി ആദ്യമായാണ് ഞാൻ കാണുന്നത്. ഞാനതിൽ വളരെയധികം പ്രഭാവിതനായിരിക്കുന്നു. നിങ്ങളുടേത് അഖിലലോകജമാഅത്താണ്. പറയുന്നു: ഞാൻ ശരിക്കും ഗിനികൊണാക്രി(Guinea Conakry)സ്വദേശിയാണ്. ജൽസാപരിപാടിയിൽ ഒരുപാട് രാജ്യങ്ങൾ ലൈവ് സ്ട്രീം മുഖേന ഈ പരിപാടിയിൽ പങ്കെടുക്കുന്നതായി ഞാൻ കാണുകയായിരുന്നു. എന്നാൽ, ഗിനികൊണാക്രി(Guinea Conakry) കണ്ടിരുന്നില്ല. ഞാൻ അങ്ങനെ ആലോചിച്ചപ്പോൾത്തന്നെ ഗിനികൊണാക്രി(Guinea Conakry)യിൽനിന്നുള്ള വീഡിയോ ദൃശ്യങ്ങൾ സ്ക്രീനിൽ തെളിഞ്ഞു. അവിടേയും നിങ്ങളുടെ ജമാഅത്തുള്ളതിൽ എനിക്ക് അത്യധികമായ സന്തോഷമുണ്ടായി. നിങ്ങളുടെ ഖലീഫ സ്ത്രീകളുടെ അവകാശങ്ങളെ കുറിച്ച് വിവരിച്ചപ്പോൾ ഒരു മുസ്‌ലിമാണെന്നതിൽ എനിക്ക് അഭിമാനം തോന്നുകയുണ്ടായി.

ലൈബീരിയാ(Liberia)യിൽ നിന്നുള്ള ഒരു അനഹ്മദി അതിഥിയാണ് ബോബ് എം ഡോലോ(Bob M Dolo) സാഹിബ്. ലൈബീരിയക്കാരനാണ്. അദ്ദേഹം ഇസക്ട്രിസിറ്റി ഓഫീസിൽ മാനേജരായി സേവനമനുഷ്ഠിക്കുന്ന വ്യക്തിയാണ്. അഭ്യസ്തവിദ്യനാണ്. അദ്ദേഹം പറയുന്നു, അഹ്മദിയ്യ ഖലീഫയുടെ പ്രഭാഷണം എന്നിൽ വലിയ പ്രഭാവമാണ് ചെലുത്തിയത്. ഇസ്‌ലാമിൽ സ്ത്രീകൾക്ക് ഒരു തരത്തിലുള്ള അവകാശങ്ങളുമില്ലെന്നാണ് ഞാൻ മുമ്പേ കരുതിയിരുന്നത്. എന്നാൽ, ഇന്ന് ഈ പ്രസംഗം കേട്ട് മറ്റൊരു മതത്തിലും കാണാത്തവിധം ഇസ്‌ലാമിൽ സ്ത്രീകളുടെ അവകാശങ്ങൾ വളരെ വിശദമായിത്തന്നെ വിവരിച്ചിട്ടുണ്ടെന്ന് അറിഞ്ഞു. അഹ്മദിയ്യ ജമാഅത്ത് വളരെ വ്യവസ്ഥാപിതമായ വിഭാഗമാണെ

ന്ന് ഞാൻ മുമ്പേ കേട്ടിരുന്നു. എന്നാൽ, അഹ്മദിയ്യ ജമാഅത്ത് എപ്രകാരമാണ് ഒരു നേതാവിന്റെ കൈയിൽ സംഘടിടിച്ചു പ്രവൃത്തിക്കുകയും ലോകത്ത് സമാധാനം സ്ഥാപിക്കാൻ കർമനിരതരായിരിക്കുകയും ചെയ്യുന്നതെന്ന് ഇന്നെനിക്ക് സ്വന്തം കണ്ണുകളാൽ കാണാൻ കഴിഞ്ഞു.

സാംബിയ(Zambia)യായിലെ കാട്ടേബോലേ സാഹിബ് പറയുന്നു: ജോലിയുടെ അടിസ്ഥാനത്തിൽ ഇദ്ദേഹം പാസ്റ്ററാ(Pastor)ണ്. ജൽസയുടെ സമാപന ദിവസത്തിലുള്ള നിങ്ങളുടെ ഖലീഫയുടെ സമാപന പ്രഭാഷണം കേട്ട് ഞാൻ പ്രഭാവിതനായി. അദ്ദേഹം പറയുന്നു: നിങ്ങളുടെ ഖലീഫയുടെ പ്രഭാഷണം അത്ഭുതാവഹമായിരുന്നു. ഇസ്‌ലാം എത്ര സുന്ദരമായാണ് സ്ത്രീകളുടെ അവകാശങ്ങളെ കുറിച്ച് വിവരിക്കുന്നതെന്ന് എനിക്ക് ഒട്ടും ധാരണയുണ്ടായിരുന്നില്ല. ഞാൻ കരുതിയിരുന്നത് ഇസ്‌ലാം സ്ത്രീകളുടെ അവകാശങ്ങൾ ധ്വംസിച്ചിരിക്കുകയാണെന്നും സ്ത്രീകൾക്ക് ഇസ്‌ലാം ഒരുവിധ സ്വാതന്ത്ര്യവും നല്കിയിട്ടില്ലെന്നുമായിരുന്നു. ഇസ്‌ലാം സ്ത്രീകളെ വീട്ടിൽ തളച്ചിട്ടിരിക്കുകയാണെന്നാണ് ഞാൻ കരുതിയിരുന്നത്. എന്നാൽ, ഇന്ന് ഈ പ്രഭാഷണം കേട്ടപ്പോൾ എന്റെ വീക്ഷണത്തിൽ മാറ്റം വന്നു. ഇസ്‌ലാം സ്ത്രീകൾക്ക് നല്കിയിട്ടുള്ളത്ര അവകാശങ്ങൾ ക്രൈസ്തവ മതം സ്ത്രീകൾക്ക് നല്കിയിട്ടില്ലെന്ന് പറയുന്നതിൽ എനിക്ക് ഒരു ലജ്ജയുമില്ല. ഞങ്ങൾ ഞങ്ങളുടെ സ്തീകൾക്കുമേൽ അന്യായവും അതിക്രമവുമാണ് നടത്തുന്നത്. സ്ത്രീകളെ അടിമകളായാണ് കാണുന്നത്. പുരുഷന്മാർ ബലം പ്രയോഗിച്ച് എതെങ്കിലും തരത്തിൽ തങ്ങളുടെ അവകാശങ്ങൾ നേടിയെടുക്കുക തന്നെ ചെയ്യുമെന്ന് നിങ്ങളുടെ ഖലീഫ പറഞ്ഞത് വളരെ ശരിയാണ്. ഇസ്‌ലാം ഭീകരവാദികളുടെ വ്യക്താവല്ലെന്നും ഇസ്‌ലാമികാധ്യാപനങ്ങൾ വളരെ മനോഹരമാണെന്നും ഇന്നെനിക്ക് ബോധ്യപ്പെട്ടു.

ഐവറികോസ്റ്റ്(Ivory coast)ൽ നിന്നുള്ള ജമാഅത്തിന്റെ ഒരു അനുകൂലി പറഞ്ഞു: ജമാഅത്തിനെ കുറിച്ച് വിവിധ മാർഗങ്ങളിലൂടെ എനിക്ക് അറിയാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ. യു.കെ. ജൽസാ അഹ്മദിയ്യാ ജമാഅത്ത് വളരെ വ്യത്യസ്തമായ നിലയിൽ അവതരിപ്പിക്കുകയുണ്ടായി. അദ്ദേഹം ആദ്യമായാണ് ഒരു സമ്മേളനം ടി.വി.മുഖേന നേരിട്ട് കാണുന്നത്. ജൽസയുടെ സംഘാടക പ്രവർത്തനങ്ങൾ കണ്ട് അദ്ദേഹം വളരെ ആകർഷിതനായി. അദ്ദേഹം പറയുന്നു, ഒരു ജമാഅത്ത് ഇത്രവലിയതോതിൽ സുസംഘടിതവും അച്ചടക്കപൂർവവുമായ പരിപാടി നടത്തിയത് വിളിച്ചോതുന്നത് അവർക്ക് ഖിലാഫത്തിൽനിന്ന് നല്ല ശിക്ഷണം ലഭിച്ചിട്ടുണ്ടെന്നാണ്. അദ്ദേഹം പറയുന്നു: നബി(സ) തിരുമേനിയുടെ തൃക്കരങ്ങളിൽ ആളുകൾ എങ്ങനെയാണ് ബയ്അത്ത് ചെയ്തിരുന്നതെന്ന് കണ്ടപ്പോൾ എന്റെ മനസ്സിലുണ്ടായ ആഴത്തിലുള്ള പ്രഭാവവും മാനസികാവസ്ഥയും വിവരണാതീതമാണ്. ഇനി ഞങ്ങൾ നിങ്ങളുടെ ഖലീഫയുടെ ഖുത്ബ സ്ഥിരമായി കേൾക്കുമെന്നും അദ്ദേഹം പറയുകയുണ്ടായി.

കോംഗോ കിൻഷാസാ(Congo kinshasa) എന്ന സ്ഥലത്ത് ജൽസയിൽ പങ്കെടുക്കാൻ ഇമിഗ്രേഷൻ വകുപ്പിലെ പ്രതിനിധികൾ വന്നിരുന്നു. ജമാഅത്തംഗങ്ങളോടൊപ്പം അവരും എന്റെ പ്രസംഗം കേൾക്കുകയുണ്ടായി. അവർ പറഞ്ഞു: 'തങ്ങളെന്തുകൊണ്ട് ഇതുവരെ അഹ്മദിയായില്ല' എന്നു ചിന്തിക്കാൻ ഈ പ്രഭാഷണം ഞങ്ങളെ നിർബന്ധിതരാക്കിയിരിക്കുന്നു. തുടർന്നും മിഷൻഹൗസിൽ വന്നുകൊണ്ടിരിക്കുമെന്നും ജമാഅത്തിനെ കുറിച്ച് കൂടുതൽ പഠിക്കുമെന്നും വാക്കു നല്കിയാണ് അവർ പോയത്.

ഇവിടെ എം.ടി.എ മുഖേന അല്ലാഹു ആളുകൾക്ക് ശിക്ഷണം നല്കുകയാണ്.

മറാവോ(Maroua) ജമാഅത്തിലെ മിഷൻഹൗസിലും യു.കെ.ജൽസ കാണുന്നതിനുള്ള സംവിധാനെ ചെയ്തിരുന്നു. മറാവോ(Maroua)യിലേത് കാമറൂൺ (Cameroon)ലെ ഒരു ജമാഅത്താണ്. അവിടെ ജൽസകാണാൻ ജനങ്ങൾ സംഘടിച്ചപ്പോൾ അതിന്നടുത്ത ഗ്രാമത്തിലെ ഉമ്മുൽ (Ummul)എന്നുപേരുള്ള ഒരു സ്ത്രീയും വന്നിരുന്നു. അവർ മൂന്നു ദിവസവും പരിപാടികൾ കാണുകയുണ്ടായി. ജൽസാസാലാന അവസാനിച്ചപ്പോൾ അവിടെ കൂടിയിരുന്നവരോട് അവർ പറഞ്ഞു: നമ്മുടെ കൈയിൽ എം.ടി.എ ഉള്ളത് ഒരു സൗഭാഗ്യമാണ്. ഒരാൾക്ക് ദിവസവും വിജ്ഞാനം കരസ്ഥമാക്കാനുള്ള ഒരു വിദ്യാലയം അല്ലെങ്കിൽ സർവകലാശാലയാണ് എം.ടി.എ. അല്ലാതെ അത് വെറുമൊരു ടി.വി.ചാനലല്ല. ഈ മൂന്നു ദിവസവും നമുക്കൊരുപാട് അറിവ് സമ്പാദിക്കാനായി. നമ്മുടെ കേബിളിൽ എം.ടി.എ ഉണ്ട്.(അവിടെ കേബിൾ വഴിയും എം.ടി.എ ലഭ്യമാണ്)അതിൽനിന്ന് എല്ലാവരും ഫലമെടുക്കേണ്ടതുണ്ട്. എല്ലാവരും വീടുകളിൽ സ്ഥിരമായ എം.ടി.എ കാണുകയും കുട്ടികളേയു അതു കാണിക്കുകയും അങ്ങനെ ഇസ്‌ലാമിക വിജ്ഞാനം വർധിപ്പിക്കുകയും അതുപോലെതന്നെ സവിശേഷമായ നിലയിൽ കാലത്തിന്റെ ഖലീഫയുടെ ഖുത്ബകളും പ്രഭാഷണങ്ങളും നിശ്ചയമായും കേൾക്കുകയും അങ്ങനെ നമ്മുടെ ഈമാൻ വർധിപ്പിക്കുകയും ചെയ്യണമെന്ന് അവർ ഉപദേശിക്കുകയുണ്ടായി.

കോംഗോ കിൻഷാസാ(Congo kinshasa) യിൽനിന്നുതന്നെയുള്ള മറ്റൊരു അനുഭവം. ഇലിബോ (ILEBO) ജമാഅത്തിൽ ജൽസാ പരിപാടികൾ കണുന്നതിനു ഹമ്പലീ മുസ്‌ലിമീങ്ങളുടെ ഇമാമിനെ ക്ഷണിച്ചിരുന്നു. ജൽസ അവസാനിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: എപ്രകാരം അഹ്മദിയ്യാ ജമാഅത്ത് നബി(സ)തിരുമേനി നമുക്കു നല്കിയ ഇസ്‌ലാമിന്റെ ഈ യഥാർഥ അധ്യാപനം അവതരിപ്പിച്ചുവോ എന്റെ പക്കൽ ഇതു ജമാഅത്തിന്റെ മാത്രം മറ്റുള്ളവർക്കൊന്നുമില്ലാത്ത പ്രത്യേകതയാണ്. എന്തേങ്കിലും ചെയ്ത് ജമാഅത്തിൽ പ്രവേശിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. അല്ലാഹു എനിക്ക് അതിനുള്ള തൗഫീഖ് നല്കുമാറാകട്ടെ. അല്ലാഹു അതിനുള്ള തൗഫീഖ് അദ്ദേഹത്തിന് പ്രദാനം ചെയ്യുമാറാകട്ടെ.

അഹ്മദി അനകൂലി വിൽമാ(Vilma) എന്നു പേരുള്ള അൽബേനിയക്കാരിയായ മുരു മുസ്‌ലിം പെൺകുട്ടി പറഞ്ഞു: യു.കെ.ജൽസസാലാന ഒരു മഹത്ത്വപൂർണമായ സമ്മേളനമായിരുന്നു. അതിൽ പങ്കെടുക്കുന്നവരുടെ എണ്ണം അനിതരസാധാരണമാണ്. ഇതുവരെ ഞാൻ ഈ ജമാഅത്തിൽ ചേർന്നിട്ടില്ലെങ്കിലും ഈ ജൽസ എനിക്ക് പ്രേരണ നല്കിയിരിക്കുകയാണ്. ഇനി ഞാൻ ജമാഅത്തിന്റെ പ്രാധാന്യത്തേയും സത്യതയേയും കുറിച്ച് ഗൗരവതരമായി ചിന്തിക്കുന്നതാണ്. കാലത്തിന്റെ ഖലീഫയുടെ പ്രസംഗം ശ്രവിച്ചപ്പോൾ ഞാൻ അദ്ദേഹം പറഞ്ഞ കാര്യങ്ങളോടു യോജിക്കുന്നതായി എനിക്കു മനസ്സിലായി. അദ്ദേഹത്തിന്റെ വിഷയാവതരണ രീതി എന്റെ ഈമാനിൽ വളരെ അധികം വർധനയുണ്ടാക്കി. ഇനിയും ഇത്തരം ജൽസകളിൽ നേരിട്ടു പങ്കെടുക്കണമെന്ന് ഞാൻ വിചാരിക്കുന്നു.

ഫ്രഞ്ച് ഗിയാന (French Guiana)യിലെ ജമാഅത്തിൽ ഒരു അഫ്ഗാനി സ്ത്രീ സമാപന പ്രഭാഷണം കേൾക്കുന്നതിനു മക്കളോടൊപ്പം വന്നിരുന്നു. അവർ പറയുന്നു, നിങ്ങളുടെ ജമാഅത്തിനെ കുറിച്ച് എനിക്ക് ആദ്യമെ കുറച്ചറിയാമായിരുന്നു. എന്നാൽ, യു.കെ.ജൽസയിലെ നിങ്ങളുടെ ഖലീഫയുടെ പ്രഭാഷണം വല്ലാത്തൊരു അനുഭൂതി പ്രദാനം ചെയ്തു. ഇസ്‌ലാമിലുള്ള സ്ത്രീകളുടെ അവകാശങ്ങളെ കുറിച്ച് കേട്ടപ്പോൾ നമ്മുടെ മതമായ ഇസ്‌ലാം സ്ത്രീകളുടെ അവകാശങ്ങളെ കുറിച്ച് എത്രമാത്രം ശ്രദ്ധചെലുത്തുന്നുവെന്ന് മനസ്സിലാകുകയും വളരെ മനസ്സമാധാനം ലഭിക്കുകയും ചെയ്തു. ചിലപ്പോൾ അക്കാര്യം അത്രയധികം അനുഭവവേദ്യമാകാനുള്ള മറ്റൊരു കാരണം അഫ്ഗാനിസ്താനിൽ ത്വാലിബാനികൾ സ്ഥാപിക്കാനാഗ്രഹിക്കുന്ന ഇസ്‌ലാമിൽ സ്ത്രീകൾക്ക് ഒരു സ്ഥാനവുമില്ലാത്തതിനാലാകാം. എന്നാൽ, യഥാർഥത്തിൽ ഇസ്‌ലാം സ്ത്രീകളുടെ അവകാശങ്ങൾക്ക് പൂർണമായും ജാമ്യം നില്ക്കുന്നു.

ലൈബീരിയ(Liberia)യിലെ ജമാഅത്തിൽ ഒരു അമുസ്‌ലിം അതിഥി അമൂസ് വെൻസീഹ്(Amos Wonseah)സാഹിബ് വന്നിരുന്നു. അദ്ദേഹം പോലീസിൽ സി ഐ ഡി കമാണ്ടറാണ്. വിദ്യാസമ്പന്നനാണ്. ക്ഷണിച്ചപ്പോൾ ജൽസയിൽ പങ്കെടുത്തു. അദ്ദേഹം പറയുന്നു, രണ്ടാമത്തെ ദിവസം എന്റെ പ്രഭാഷണം കേട്ടപ്പോൾ വളരെ പ്രഭാവിതനായി. രണ്ടാം ദിവസമായിരുന്നു അദ്ദേഹത്തെ ക്ഷണിച്ചിരുന്നത്. മൂന്നാം ദിവസവും അദ്ദേഹം സ്വയം വന്നു. എന്റെ പ്രസംഗം കേട്ടതിനുശേഷം പറഞ്ഞു: ഇസ്‌ലാമിനെക്കുറിച്ച് വളരെ മോശം അഭിപ്രായമായിരുന്നു എനിക്കുണ്ടായിരുന്നത്.

ചില മുസ്‌ലിമീങ്ങളുടെ പെരുമാറ്റംതന്നെയായിരുന്നു അതിനു കാരണവും. എന്നാൽ, ജൽസയുടെ പരിപാടികൾ കണ്ടപ്പോൾ ഇസ്‌ലാം ഒരു സമാധാനപൂർണമായ മതമാണെന്നും അഹ്മദിയ്യാ ജമാഅത്ത് എല്ലാ നിലയിലും മനുഷ്യസേവനത്തിൽ നിരതമാണെന്നും എനിക്കു ബോധ്യം വന്നു. അതുകൊണ്ട് ഇന്നുമുതൽ ഇസ്‌ലാമിനെക്കുറിച്ചുള്ള എന്റെ ധാരണകൾ മാറിയിരിക്കുന്നു. ആശങ്കകൾ ഇല്ലാതായിരിക്കുന്നു. മാത്രമല്ല അദ്ദേഹം ഇപ്രകാരവും കൂട്ടിച്ചേർത്തു. ഈ പ്രദേശത്ത് ഇതിനുമുമ്പേതന്നെ അഹ്മദിയ്യാ ജമാഅത്ത് വന്നിരുന്നെങ്കിൽ ഒരുപാടു പേർ ഈ ജമാഅത്തു മുഖേന ഇസ്‌ലാമിൽ പ്രവേശിക്കുമായിരുന്നു.

ഫ്രഞ്ച് ഗിയാന (French Guiana)യിൽ തദ്ദേശ ജമാഅത്ത് ജൽസ കാണുന്നതിനുള്ള സംവിധാനം ചെയ്തിരുന്നു. ചെറിയ ജമാഅത്താണ്. കുറച്ചുപേരാണ് അവിടെ സംഘടിച്ചിരുന്നത്. ഹെയ്റ്റി.(Haiti) രാജ്യക്കാരും ജമാഅത്തിന്റെ അനുകൂലികളുമായ രണ്ടു ക്രിസ്ത്യാനികൾ അവിടെ സമാപന ഭാഷണം കേൾക്കാനെത്തിയിരുന്നു. അവർ സുഹൃത്തുക്കളായിരുന്നു. അവർ പറഞ്ഞു:ഞങ്ങൾ അത്ഭുതപ്പെട്ടുപോയി, കാരണം നിങ്ങളുടെ ഖലീഫ പ്രസംഗത്തിന് തിരഞ്ഞെടുത്ത വിഷയം അതായത് 'സ്ത്രീകളുടെ അവകാശങ്ങൾ' എന്ന വിഷയം, ഞങ്ങളിരുവരും കഴിഞ്ഞ ദിവസങ്ങളിൽ സംസാരിക്കുകയായിരുന്നു. അതായത് സ്ത്രീകളുടെ അവകാശങ്ങളെ കുറിച്ച് ഇസ്‌ലാമിക അധ്യാപനമെന്താണ്? സ്ത്രീകളുടെ അവകാശങ്ങളെ കുറിച്ച് ഇത്രയും സമ്പൂർണവും എല്ലാ അടങ്ങിയതുമായ അധ്യാപനങ്ങളാണ് ഇസ്‌ലാം സമർപിക്കുന്നതെന്ന് ഞങ്ങൾക്കറിയില്ലായിരുന്നു.

ഇന്ന് ഒരു പക്ഷേ, ഞങ്ങൾ നിങ്ങളുടെ ഖലീഫയുടെ പ്രസംഗം കേട്ടില്ലായിരുന്നെങ്കിൽ ഈ മനോഹരവും സർവതല സ്പർശിയുമായ അധ്യാപനത്തെ കുറിച്ച് അറിയുമായിരുന്നില്ല. ഇക്കാലത്ത് സ്ത്രീകളുടെ അവകാശങ്ങളെ കുറിച്ച് ഒരുപാട് ചർച്ചകൾ നടക്കുന്നുണ്ട്. എന്നാൽ, സ്ത്രീപുരുഷന്മാരുടെ ഉത്തരവാദിത്വങ്ങളെ യഥാർഥനിലയിൽ ഇസ്‌ലാം മാത്രമാണ് അവതരിപ്പിക്കുന്നത്. ഇപ്പോൾ അവർ ലൈഫ് ഓഫ് മുഹമ്മദ്(സ)വായിക്കുന്നുണ്ട്. കൂടുതൽ പുസ്തകങ്ങളും അവർ ആവശ്യപ്പെടുകയുണ്ടായി.

മൗറീഷ്യസ്(Mauritius)ൽ നിന്നുള്ള റിപ്പോർട്ട്. അവിടെ ജൽസാപരിപാടികൾ കാണിക്കാനുള്ള സംവിധനമുണ്ടായിരുന്നു. മറ്റുള്ളവരോടൊപ്പം പാർലമെന്റംഗമായ താനിയ ഡയോളെ(Tania Diolle) സാഹിബയും വന്നിരുന്നു. അവർ പാർലമെന്ററി പ്രൈവറ്റ് സെക്രട്ടറിയുമാണ്. അവർ പറയുന്നു: ഗംഭീരമായ കാഴ്ചയാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ പരിപാടികളും അഹ്മദിയ്യ ജമാഅത്തിന്റെ സംസ്കാരം കാണുന്നതിനുള്ള നല്ല അനുഭവമാണ്. ലണ്ടൻ പോലുള്ള ഒരു മഹാനഗരത്തിൽ ഇത്രയും വലിയ മത സമ്മേളനം നിങ്ങൾ നടത്തുന്നത് വളരെ സ്വാധീനമുളവാക്കുന്ന കാര്യമാണ്. അവർ പറയുന്നു: ഇപ്പോൾ നിലവിലുള്ള സാമൂഹികവും സാമ്പത്തികവുമായ സാഹചര്യത്തിൽ മതമെന്നത് വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നായി മാറിയിരിക്കുകയാണ്. ഇത്രയുമധികം പേർ തങ്ങളുടെ ആത്മപരിശോധനയ്ക്കും ആത്മീയലക്ഷ്യങ്ങൾക്കുംവേണ്ടി സംഘടിക്കുന്നത് വലിയൊരു കാര്യം തന്നെയാണ്. പ്രത്യേകിച്ചും ഇന്ന് നമ്മളെല്ലാവരും ഒരു വലിയ വിപത്തിലൂടെ കടന്നുപൊയ്ക്കൊണ്ടിരിക്കുകയാണ്. ഇതിൽ ലോകം ഒരുപാട് പ്രതിസന്ധികൾക്കിരയാണ്.

എന്റെ പക്കൽ ഇത്തരം കാര്യങ്ങൾ സമൂഹത്തിനെ നേർവഴിയിൽ ചലിപ്പിക്കുന്നതിനും ഉന്നതമായ ധാർമിക ഗുണങ്ങളിൽ നിലനിറുത്തുന്നതിനും വളരെ സഹായകരമാണെന്നാണ്. വളരെ അധികം സന്തോഷം പകരുന്ന ഒരു അനുഭവമായിരുന്നു എനിക്കിത്. ഇതിൽനിന്ന് എനിക്ക് ഒരുപാടു കാര്യങ്ങൾ പഠിക്കാനായി. അതോടൊപ്പം തന്ന് ഈ നിമിഷങ്ങൾ എനിക്ക് ഒരുപാട് ചിന്താർഹവുമാണ്.

നവഅഹ്മദികളും തങ്ങളുടെ പ്രതികരണങ്ങൾ അയച്ചിട്ടുണ്ട്.

ബുർക്കിനാ ഫാസോ (Burkina Faso) യിലെ ഒരു സ്ത്രീ ഹവ്വ സാഹിബ നവ അഹ്മദിയാണ്. അവർ പറയുന്നു: കാലത്തിന്റെ ഖലീഫയുടെ വളരെ സുവ്യക്തവും സ്പഷ്ടവുമായ വാക്കുകൾ നമ്മളോടു പറയുന്നത് നമ്മൾ അഹ്മദിയ്യത്തിനെ യഥാർഥ ഇസ്‌ലാമായി കണ്ട് ബയ്അത്ത് ചെയ്തത് മറ്റുള്ളവരെ കൂടി അഹ്മദിയാക്കാൻവേണ്ടി മാത്രമല്ല. പ്രത്യുത സമൂഹത്തിൽ നമ്മൾ സ്വയംതന്നെ മാതൃകാ അഹ്മദികളായി ജീവിക്കുകയും നമ്മുടെ വാക്കും പ്രവൃത്തിയും ഒരുപോലെയാക്കുകയും ഈമാനിനെ സുദൃഢമാക്കുകയും ദൃഢവിശ്വാസത്തിൽ അഭിവൃദ്ധിപ്പെടുകയും ചെയ്യാൻ വേണ്ടിയാണ്. ആഫ്രിക്കക്കാർ നിരക്ഷരരാണെന്ന് ജനങ്ങൾ പറയുന്നു. എന്നാൽ ഈ സ്ത്രീസാഹിബയുടെ വാക്കുകൾ ശ്രദ്ധിക്കുക. നമ്മുടെ വാക്കും പ്രവൃത്തിയും ഒരുപോലെയാക്കിക്കൊണ്ടായിരിക്കണം നമ്മൾ മാറ്റം ഉണ്ടാക്കേണ്ടത് എന്നാണ് അവർ പറയുന്നത്. വിദ്യാസമ്പന്നരായ എല്ലാ അഹ്മദികളും തങ്ങൾ അഭ്യസ്തവിദ്യരാണെന്ന് ധാരണയുള്ള എല്ലാ അഹ്മദികളും യൂറോപ്പിലുള്ളവരും വികസിത രാഷ്ട്രങ്ങളിൽ താമസിക്കുന്നവരുമെല്ലാം ഇക്കാര്യം ഗൗരവമായി കണക്കാക്കേണ്ടതാണ്. ഇതേ കുറിച്ച് വിചിന്തനം നടത്തേണ്ടതാണ്. എല്ലായിടത്തും നമ്മൾ വാക്കും പ്രവൃത്തിയും ഒരുപോലെയാക്കി വെക്കേണ്ടതാണ്.

ഇന്തൊനീഷ്യ(Indonesia)യിലെ ഒരു നവ അഹ്മദി വനിത പറയുന്നു:യു.കെ.ജൽസാ സാലാന ഒരു മഹത്തായ സംഭവമാണ്. ഞാനൊരു നവ അഹ്മദിയാണ്. എന്നെ സംബന്ധിച്ചിടത്തോളം ഈ ദൈവിക ജമാഅത്തിൽ ആത്മീയ പുരോഗതി നേടാനുള്ള മുഹൂർത്തമാണിത്. ജനങ്ങൾ കൂട്ടംകൂട്ടമായി ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കാൻ വരുന്നത് ഞാൻ കണ്ടിട്ടുണ്ട്. ഞാൻ ഈ ജൽസയിൽ ടി,വി, മുഖേനയാണ് പങ്കെടുക്കുന്നതെങ്കിലും എന്റെ ഹൃദയവും മസ്തിഷ്കവും യൂ.കെ ജൽസയിലായിരുന്നു. ഈ ജൽസമുഖേന എനിക്ക് ഈ ദൈവികജമാഅത്തിലും വിശ്വാസം വർദ്ധിച്ചു. ഭാവിയിൽ ഞാനത് കൂടുതൽ മെച്ചപ്പെടുത്തുന്നതാണ്.

കോംഗോ(Congo) ബ്രാസവിലിൽ നിന്നുള്ള ഒരു റിപ്പോർട്ട് ഇപ്രകാരമാണ്. വനിതകളോടുള്ള എന്റെ പ്രസംഗം കേട്ടശേഷം അവിടെയുള്ള തദ്ദേശ ലജ്ന ഇപ്രകാരം പ്രതിജ്ഞ ചെയ്തു. ഇസ്‌ലാം -അഹ്മദിയ്യത്തിന്റെ പ്രചാരണത്തിന് ഞങ്ങൾ സ്വയം സന്നദ്ധരാകുകയും ഞങ്ങളുടെ സന്താനങ്ങളെ സകല ത്യാഗങ്ങൾക്കും സന്നദ്ധരാക്കുകയും ചെയ്യുന്നതാണ്.

ഒരു നവഅഹ്മദി പറയുന്നു: ആത്മീയാന്തരീക്ഷത്തിലാണ് ഈ മൂന്നു നാളുകൾ കഴിഞ്ഞത്. എല്ലാദിവസവും ഇതുപോലെ കടന്നുപോകാനും ആത്മീയാന്തരീക്ഷത്തിൽനിന്ന് എപ്പോഴും ഫലമെടുക്കാനുമാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്.

ഇന്തൊനീഷ്യ(Indonesia)യിലെ ഒരു നവഅഹ്മദി എർറി ഹിമാവൻ(Erry Himawan)സാഹിബ് പറയുന്നു: ഞാനൊരു പുതിയ അഹ്മദിയാണ്. യു.കെ ജൽസാ സാലാന ലൈവ് സ്ട്രീം മുഖേന കണ്ടപ്പോൾ എനിക്കൊരു വാക്കു മാത്രമെ പറയാൻ തോന്നുന്നുള്ളു: അത്ഭുതാവഹം! എനിക്ക് ആശ്ചര്യം തോന്നുന്നു!

ലോകമെമ്പാടും അംഗങ്ങളുള്ള ലോകത്തെ ഏക ഇസ്‌ലാമിക പ്രസ്ഥാനം അഹ്മ

ശേഷം പേജ് 7 ൽ

**• ഹദീഥുന്നബ്‌വി(സ): •**

**'അല്പമുള്ളതിന് നന്ദി കാണിക്കാത്തവൻ കൂടുതലുള്ളതിനും നന്ദി കാണിക്കുകയില്ല. മനുഷ്യരോടു നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദികാണിക്കുന്നില്ല.'**

*(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ)*

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala

**• ഹദീഥുന്നബ്‌വി(സ): •**

**"ആര് എന്റെമേൽ സ്വലാത്ത് ചൊല്ലിയാലും ഞാൻ അയാൾക്ക് മറുപടി നല്കുന്നതിനുവേണ്ടി അല്ലാഹു എന്റെ ആത്മാവിനെ മടക്കി അയക്കുന്നതാണ്."**

*(അബൂദാവൂദ്, കിതാബുൽമനാസിക്)*

ത്വാലിബെ ദുആ:
P.Abdul Ameer
Sadr, Ahmadiyya Jama-ath Pathapiriyam, Kerala

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം, (2015 മെയ്, ജൂൺ)

വിവർത്തനം: അമീൻ മുഹമ്മദ്, മാത്ര

ഹുദൂർ അയ്യദഹുല്ലാഹുത്തആലായുടെ യൂറോപ്പ് പര്യടനം (2019, സെപ്റ്റംബർ - ഒക്ടോബർ)കഴിഞ്ഞ ലക്കത്തോടെ അവസാനിച്ചിരിക്കുന്നു. അൽഹംദുലില്ലാഹ്. ഈ ലക്കം മുതൽ 2015 ലെ റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയാണ്. പുതിയ റിപ്പോർട്ടുകൾ ലഭിക്കുന്നതുവരെ ഇതുവരെ പ്രസിദ്ധീകരിച്ചിട്ടില്ലാത്ത റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുന്നതായിരിക്കും. പുതിയ റിപ്പോർട്ടുകൾ ലഭിച്ചാൽ ഈ റിപ്പോർട്ടുകൾ നിറുത്ത് അത് പ്രസിദ്ധീകരിക്കുന്നതായിരിക്കും. (പത്രാധിപസമിതി)

## 2015 മെയ് 23 ശനിയാഴ്ച:

സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീനീൻ അയ്യദഹുല്ലാഹുത്തആലാ ബിനസ്വ്രിഹിൽ അസീസ് ജർമൻ പര്യടനത്തിന് പുറപ്പെടുന്നതിന് രാവിലെ പത്തുമണിക്ക് താമസ സ്ഥലത്തു നിന്ന് പുറത്തുവന്നു. തങ്ങളുടെ പ്രിയപ്പെട്ട ഇമാമിനെ യാത്ര അയക്കുന്നതിന് രാവിലെ മുതൽ തന്നെ ജമാഅത്ത് സഹോദരങ്ങൾ, പുരുഷന്മാരും സ്ത്രീകളും ലണ്ടൻ മസ്ജിദ് ഫള്ലിന്റെ പുറത്തെ അങ്കണത്തിൽ സംഘടിച്ചിരുന്നു.

ഹുദൂർ അയ്യദഹുല്ലാഹുത്തആലാ ബിനസ്വ്രിഹിൽ അസീസ് കുറച്ചുനേരം സഹോദരങ്ങളുടെ ഇടയിൽ നിന്നു. എല്ലാവരും ഹുദൂറിനെ ദർശിച്ച് സംതൃപ്തരായി.

അതിനുശേഷം ഹുദൂർ അയ്യദഹുല്ലാഹുത്തആലാ ബിനസ്വ്രിഹിൽ അസീസ് ദുആയ്ക്ക് നേതൃത്വം നല്കി. തുടർന്ന് യാത്രാസംഘം ബ്രിട്ടണിന്റെ കടൽത്തീര നഗരമായ ഡോവറിലേക്ക്(**Dover**) പുറപ്പെട്ടു.

ഡോവർ ബ്രിട്ടണിലെ തുറമുഖങ്ങളിൽ വളരെ പ്രശസ്തമായ തുറമുഖമാണ്. ലണ്ടണിലേയും അതിനു ചുറ്റുവട്ടത്തുള്ള പ്രദേശങ്ങളിലേയും ആളുകൾ യൂറോപ്യൻയാത്ര പോകുന്നത് ഫെറീസ്(**Ferries**) മുഖേന ഇതേ തുറമുഖത്തിൽനിന്നാണ്.

ഡോവറി(**Dover**)ൽ നിന്ന് പതിനൊന്ന് മൈയിൽ മുമ്പേ സമുദ്രത്തിന്റെ അടിയിലൂടെ ബ്രിട്ടന്റേയും ഫ്രാൻസിന്റേയും സമുദ്രതീരപ്രദേശങ്ങളെ ബന്ധിപ്പിക്കുന്ന ചാനൽ ടവർ(**Channel Tunnel**) വരുന്നുണ്ട്. ഈ തുരങ്കത്തിലൂടെ കാറുകളും മറ്റു വാഹനങ്ങളും ട്രൈൻ മുഖേന ഫ്രാൻസിലെ നഗരമായ ക്ലൈസ്(**Calais**)വരെ എത്തുന്നു. ഇന്ന് ഇതേ തുരങ്കം വഴിയാണ് യാത്രാസംഘത്തിന്റെ യാത്രാ പരിപാടി.

ലണ്ടനിൽ നിന്ന് അമീർ ജമാഅത്ത് യൂ.കെ റഫീഖ് അഹ്മദ് ഹയാത്ത് സാഹിബ്, നാഇബ് അമീറും മുബല്ലിഗ് യു.കെ.ഇൻചാർജ് മുബല്ലിഗുമായ അത്വാഉൽ മുജീബ് റാശിദ് സാഹിബ്, സ്വദ്ർ മജ്ലിസ് അൻസ്വാറുല്ലാഹ് യു.കെ വസീം അഹ്മദ് ചൗദരി സാഹിബ്, പ്രിൻസിപ്പാൾ ജാമിഅ അഹ്മദിയ്യാ യു.കെ.നാസ്വിർ ഇനാം സാഹിബ്, വക്കാലത്തു തബ്ശീർ അഖ്‌ലാഖ് അഹ്മദ് അൻജും സാഹിബ്, ദഫ്ത്തർ പ്രൈവറ്റ് സെക്രട്ടറി ളുഹൂർ അഹ്മദ് സാഹിബ്, അഫ്സർ ഹിഫാള്വത്തെ ഖാസ്സ് മേജർ മഹ്മൂദ് അഹ്മദ് സാഹിബ്, മുഹ്ത്തമിം ഉമൂമി ഇംറാൻ ളുഫ്ർ സാഹിബ്, ഖുദ്ദാമിന്റെ സെക്യൂരിറ്റി ടീമിനോടൊപ്പം ഹുദൂർ അയ്യദഹുല്ലാഹുത്തആലാ ബിനസ്വ്രിഹിൽ അസീസിനെ യാത്ര അയക്കുന്നതിന് ചാനൽ ടണൽവരെ യാത്രാ സംഘത്തോടൊപ്പം വന്നിരുന്നു. ഏകദേശം ഒരു മണിക്കൂർ 35 നു മിനിറ്റിനുശേഷം 11.40 ന് ചാനൽ ടണലിലെത്തി. പിന്നീട് എമിഗ്രേഷന്റെ നടപടികളും മറ്റു യാത്രാപരമായ കാര്യങ്ങളും പൂർത്തിയാക്കി ഹുദൂർ അയ്യദഹുല്ലാഹുത്തആലാ ബിനസ്വ്രിഹിൽ അസീസ് ചാനൽ ടണലിന്റെ പാർക്കിംഗ് ഏരിയായിലേക്ക് പോയി.

12.35 ന് വാഹനങ്ങൾ ട്രൈനിൽ ബോർഡിംഗ് ചെയ്തു. ഈ ട്രൈൻ രണ്ടുനിലയുള്ളതാണ്. അതിനുള്ളിൽ ഒരേ സമയം യാത്രക്കാരോടു കൂടി 180 വാഹനങ്ങൾ കയറ്റാൻ കഴിയും. യാത്രാസംഘത്തിന്റെ വാഹനങ്ങൾ ആദ്യ നിലയിലാണ് കയറ്റിയത്.

മണിക്കൂറിൽ 140 കിലോമീറ്റർ സ്പീഡിൽ ട്രൈൻ 12.50 ന് ഫ്രാൻസിലെ സമുദ്രതീര പ്രദേശമായ ക്ലൈസിലേക്ക് പുറപ്പെട്ടു. ഈ തുരങ്കത്തിന്റെ മൊത്തം നീളം ഏകദേശം 31 മൈലാണ്. അതിൽ 24 മൈൽദൂരം സമുദ്രത്തിന്നടിയിലൂടെയാണ് പോകുന്നത്.

ഈ ടണലിന്റെ ഏറ്റവും കൂടിയ ആഴം സമുദ്രനിരപ്പിൽനിന്ന് 75 മീറ്റർ അതായത് 250 അടി താഴെയാണ്. ഇതുവരെ സമുദ്രത്തിന്റെ താഴെ നിർമിക്കപ്പെട്ട തുരങ്കങ്ങളിൽ ഇത് ലോകത്തിലെ എറ്റവും തുരങ്കമാണ്.

12.50 ന് ട്രൈൻ പുറപ്പെട്ടു. അര മണിക്കൂർ യാത്രയ്ക്കുശേഷം ഫ്രാൻസിന്റെ തദ്ദേശ സമയമനുസരിച്ച് 2.20 ന് ഫ്രാൻസിന്റെ പട്ടണമായ ക്ലൈസിലെത്തി. (ഫ്രാൻസിന്റെ സമയം ബ്രിട്ടൺ സമയത്തെക്കാൾ ഒരു മണിക്കർ മുന്നിലാണ്. ട്രൈൻ നിന്നതിനുശേഷം 5 മിനിറ്റു കഴിഞ്ഞപ്പോൾ വാഹനങ്ങൾ ട്രൈനിൽനിന്ന് പുറത്തുവന്നു. മോട്ടർവേയിലൂടെ യാത്ര തുടർന്നു.

മുൻകൂട്ടി തീരുമാനിച്ച പരിപാടി അനുസരിച്ച് ഇവിടെ നിന്ന് കുറച്ചുകിലോമീറ്റർ അകലെയുള്ള പെട്രോൾ പമ്പിന്റെ പാർക്കിംങ് ഏരിയായിൽ ജർമനി ജമാഅത്തിൽനിന്ന് വന്ന സംഘം ഹുദൂർ അയ്യദഹുല്ലാഹുത്തആലാ ബിനസ്വ്രിഹിൽ അസീസിനെ ഹാർദ്ദമായി വരവേൽക്കണമായിരുന്നു. ഈ പ്രദേശത്തെ ഒരു റെസ്റ്റോറന്റിൽ ഉച്ച ഭക്ഷണത്തിനുള്ള ഏർപാടാക്കിയിരുന്നു. ഹുദൂർ അയ്യദഹുല്ലാഹുത്തആലാ ബിനസ്വ്രിഹിൽ അസീസിന്റെ വാഹനം പാർക്കിംഗ് ഏരിയായിലെത്തിയ ഉടനെ ജർമനി അഹ്മദിയ്യ ജമാഅത്ത് അമീർ അബ്ദുല്ലാഹ് വാഗസ് ഹൗസർ സാഹിബ്, മുബല്ലിഗ് ഇൻചാർജ് ജർമനി ഹയ്ദർ അലി ളുഫ്ർ സാഹിബ്, ജനറൽ സെക്രട്ടറിയും അഫ്സർ ജൽസസാലാനയുമായ ഇൽയാസ് മജൂക്കെ സാഹിബ്, ജർമനി മുബല്ലിഗ് ജരിയുല്ലാഹ് സാഹിബ്, അസിസ്റ്റൻഡ് ജനറൽ സെക്രട്ടറി യഹ്യാ സാഹിദ് സാഹിബ്, സ്വദ്ർ മജിലിസ് ഖുദ്ദാമുൽ അഹ്മദിയ്യ ഹസനാത്ത് അഹ്മദ് സാഹിബ്, ഡോക്ടർ അത്വ്ഹർ സുബയ്ർ സാഹിബ്, അബ്ദുല്ലാഹ് സപ്റാ സാഹിബ്, ഇൻചാർജ് ഹിഫാള്വത്തെ ഖാസ് ഫയ്ളാൻ അഹ്മദ് സാഹിബ് തന്റെ ഖുദ്ദാം സെക്യൂരിറ്റിയോടുകൂടി തങ്ങളുടെ പ്രിയങ്കരനായ ഇമാമിനെ വരവേറ്റു, സ്വാഗതം ചെയ്തു.

ഇവിടെനിന്ന് ഭക്ഷണം തുടങ്ങിയവയ്ക്കുശേഷം 3.45 ന് ബെൽജിയമിന്റേയും ജർമനിയുടേയും ബോർഡറിലെ ആച്ചൻ(**Aachen**) നഗരത്തിലേക്ക് യാത്രപുറപ്പെട്ടു. ഇന്ന് ഫ്രാങ്ക്ഫർട്ടിലേക്ക് പോകുമ്പോൾ ഇവിടെ വഴിയിൽ തങ്ങി പുതിയതായി നിർമിച്ച മസ്ജിദ് '**മസ്ജിദ് മൻസ്വൂർ**'ന്റെ ഉദ്ഘാടന പരിപാടിയുമുണ്ടായിരുന്നു.

ഇവിടെ ക്ലൈസിൽനിന്ന് ആച്ചൻ(**Aachen**)നിലേക്കുള്ള ദൂരം 347 കിലോമീറ്ററാണ്. 55 കിലോമീറ്റർ താണ്ടിയതിനുശേഷം ഫ്രാൻസിന്റെ ബോർഡർ ക്രോസ്സ് ചെയ്ത് ബെൽജിയം രാജ്യത്തിന്റെ പരിധിയിൽ പ്രവേശിച്ചു. കൂടുതൽ 278 കിലോമീറ്റർ യാത്ര ബെൽജിയമിൽ താണ്ടിയ ശേഷം 6.15 ന് ബെൽജിയമിന്റെ ബോർഡർ ക്രോസ്സ് ചെയ്ത് ജർമനിയുടെ പരിധിയ്ക്കുള്ളിൽ പ്രവേശിച്ചു. ഇവിടെനിന്ന് 10 മിനിറ്റു യാത്രയ്ക്കു ശേഷം ആഖൻ നഗരം വരുന്നു. ഇവിടെ മുൻകൂട്ടി നിശ്ചയിച്ച പ്രോഗ്രാം അനുസരിച്ച് ഹുദൂർ അയ്യദഹുല്ലാഹുത്തആലാ ബിനസ്വ്രിഹിൽ അസീസ് കുറച്ചു സമയത്തേക്ക് സ്വിദ്ദീഖ് അഹ്മദ് ഡോഗർ സാഹിബിന്റെ വസതിയിൽപോയി. സ്വിദ്ദീഖ് അഹ്മദ് ഡോഗർ സാഹിബ് ജമാഅത്തിന്റെ അങ്ങേയറ്റം ആത്മാർഥതയുള്ള ആത്മാർപണ സന്നദ്ധനായ ഉദ്യോഗസ്ഥനാണ്. ആഖൻ ജമാഅത്തിന്റെ പഴയ കാല, ആദ്യകാല അംഗങ്ങളിൽപ്പെട്ടയാളാണ്. ഇവിടെ ജമാഅത്തിന്റെ അടിത്തറ, സ്ഥാപനം പ്രാരംഭകാല സെറ്റപ്പ് തുടങ്ങിയവയിൽ അദ്ദേഹത്തിന് വലിയ പങ്കാണുള്ളത്. അദ്ദേഹം തന്നെയായിരുന്നു ജമാഅത്തിന്റെ പ്രാരംഭകാല സ്വദ്റും.

ഇവിടെനിന്ന് 6.45 ന് ആഖനിലെ മസ്ജിദ് മൻസ്വൂറിലേക്ക് യാത്ര പുറപ്പെട്ടു. പോലീസ് വാഹനം യാത്രാസംഘത്തിന് അകമ്പടി സേവിച്ചു. 7 മണിക്ക് ഹുദൂർ അയ്യദഹുല്ലാഹുത്തആലാ ബിനസ്വ്രിഹിൽ അസീസ് മസ്ജിദ് മിൻസ്വൂറിലെത്തിയപ്പോൾ ജമാഅത്തിലെ പുരുഷന്മാരും സ്ത്രീകളും കുട്ടികളും യുവാക്കളും ചേർന്ന് തങ്ങളുടെ പ്രിയപ്പെട്ട ഹുദൂറിനെ സ്വീകരിച്ചു. തങ്ങളുടെ കൈകൾ ഉയർത്തി വീശിക്കൊണ്ട് സ്വാഗതം ചെയ്തു. ആൺകുട്ടികളും പെൺകുട്ടികളും സംഘമായി നിന്ന് സ്വാഗതഗാനങ്ങൾ പാടി.

ഈ അവസരത്തിൽ ആഖൻ ജമാഅത്ത് സ്വദ്ർ ബശീർ അഹ്മദ് ഡോഗർ സാഹിബിന് ഹുദൂർ അയ്യദഹുല്ലാഹുത്തആലാ ബിനസ്വ്രിഹിൽ അസീസിന് സ്വാഗതം പറഞ്ഞുകൊണ്ട് ഹസ്തദാനം സ്വീകരിക്കാൻ ഭാഗ്യ കിട്ടി.

ഇന്ന് മസ്ജിദിന്റെ ഉദ്ഘാടന പരിപാടിയിൽ പങ്കെടുക്കുന്നതിനുവേണ്ടി വന്ന പ്രമുഖരിൽ ലോഡ് മേയർ **Marcel Philip**, സംസ്ഥാന പാർലമെന്റംഗം **Hon. Schultheis Karl**, ആഖൻ നഗരത്തിന്റെ പാർലമെന്റംഗം **Jansen Bjorn** എന്നിവരും ഹുദൂർ അയ്യ

ദഹുല്ലാഹുത്തആലാ ബിനസ്വ്രിഹിൽ അസീസിനെ സ്വാഗതം ചെയ്ത്. ഹസ്തദാനത്തിന് സൗഭാഗ്യം പ്രാപിക്കുകയും ചെയ്തു.

ആഖൻ നഗരത്തിന്റെ ഒരു ക്ലബ്ബിലെ എട്ടു കുതിരസവാരിക്കാർ തങ്ങളുടെ പ്രത്യേക വസ്ത്രം അണിഞ്ഞ് കുതിരപ്പുറത്ത് ഹുദൂർ അയ്യദഹുല്ലാഹുത്തആലാ ബിനസ്വ്രിഹിൽ അസീസിനെ സ്വാഗതം ചെയ്യാൻ നില്പുണ്ടായിരുന്നു. അവർ തങ്ങളുടെ പ്രത്യേകമായ രീതിയിൽ ഹുദൂറിനെ സല്യൂട്ട് ചെയ്തു. സ്വാഗതം പറയുകയും ചെയ്തു. ഈ അവസരത്തിൽ പ്രസ്സിന്റെ ഫോട്ടോ ഗ്രാഫറും ഉണ്ടായിരുന്നു. അദ്ദേഹം നിരന്തരം ഫോട്ടോ എടുത്തുകൊണ്ടിരുന്നു.

അതിനുശേഷം ഹുദൂർ അയ്യദഹുല്ലാഹുത്തആലാ ബിനസ്വ്രിഹിൽ അസീസ് മസ്ജിദിന് പുറഭാഗത്ത് നാട്ടിയിരുന്നു ശിലാഫലകം അനാച്ഛാദനം ചെയ്തു. ദുആ ചെയ്യിച്ചു. ദുആയ്ക്കു ശേഷം ഹുദൂർ അയ്യദഹുല്ലാഹുത്തആലാ ബിനസ്വ്രിഹിൽ അസീസ് മസ്ജിദിന്റെ ഉള്ളിലേക്ക് പോയി. ളുഹ്ർ അസ്വ്ർ നമസ്കാരങ്ങൾ ജംആക്കി നമസ്കരിപ്പിച്ചു. ഇതോടെ മസ്ജിദിന്റെ ഉദ്ഘാടനം നടന്നു.

അതിനുശേഷം ഹുദൂർ അയ്യദഹുല്ലാഹുത്തആലാ ബിനസ്വ്രിഹിൽ അസീസ് മസ്ജിദിന്റെ മുറ്റത്ത് ആലുബുഖാറയുടെ ചെടി നട്ടു. ബാദാമിന്റെ ചെടി ലോഡ് മേയർ ഒമ്യരലഹ ജവശഹശുളം നട്ടു.

അതിനുശേഷം ഹുദൂർ അയ്യദഹുല്ലാഹുത്തആലാ ബിനസ്വ്രിഹിൽ അസീസ് മസ്ജിദിന് പുറഭാഗത്ത് ഇട്ടിരുന്ന പന്തലിലേക്ക് പോയി. ഇവിടെ 7.25ന് മസ്ജിദിന്റെ ഉദ്ഘാടന പരിപാടി വിശുദ്ധ ഖുർആൻ പാരായണത്തോടെ ആരംഭിച്ചു. ജർമനി മുബല്ലിഗ് സയ്യിദ് സൽമാൻ ശാഹ് സാഹിബാണ് അത് നിർവഹിച്ചത്. അതിന് ശേഷം അതിന്റെ ജർമൻ തർജമ ബിലാൽ നവാസ് സാഹിബും ഉർദു തർജമ അല്ത്മത്ത് അലി സാഹിബും കേൾപ്പിച്ചു.

തുടർന്ന് അബ്ദുല്ലാഹ് വാഗസ് ഹൗസർ സാഹിബ്(അമീർ ജമാഅത്ത് ജർമനി)സ്വാഗത ഭാഷണം നടത്തി. ആഖൻ(**Aachen**) നഗരത്തിന്റെ ചരിത്രം വിവരിച്ചുകൊണ്ട് പറഞ്ഞു: ആഖൻ(**Aachen**) നഗരം വെസ്റ്റ് ഫാളിൻ സംസ്ഥാനത്താണുളളത്. ജർമനിയിലെ അങ്ങേയറ്റം പടിഞ്ഞാറു ഭാഗത്ത് സ്ഥിതി ചെയ്യുന്ന പട്ടണമാണ്.

ഈ പട്ടണത്തിലെ ജനസംഖ്യ രണ്ടുലക്ഷത്തി അമ്പത്തിയൊന്നായിരമാണ്. ഹോളണ്ടിന്റേയും ബെൽജിയത്തിന്റേയും അതിർത്തികൾ ഈ നഗരത്തോടു ചേർന്നു കിടക്കുന്നു. ഗന്ധകം കലർന്ന ചൂടു വെള്ളത്തിന്റെ അരുവി ഇവിടെ കാണാം. യേശുവിന് ഏകദേശം മൂവായിരം വർഷം മുമ്പേ ഈ പ്രദേശത്ത് ജനങ്ങൾ താമസിച്ചിരുന്നതിന്റെ അടയാളങ്ങൾ കിട്ടുന്നുണ്ട്. രേഖാമൂലം ഈ നഗരത്തെ കുറിച്ചുള്ള വിവരങ്ങൾ ആദ്യമായി 765 ലാണ് കിട്ടുന്നത്.

റോമക്കാർ തങ്ങളുടെ കാലഘട്ടത്തിൽ തങ്ങളുടെ പട്ടാളത്തിനുവേണ്ടി ഠവല്യാമഹ ആമവേ ഉണ്ടാക്കാറുണ്ടായിരുന്നു. പിന്നീട് **Corlingian** ന്റെ കാലത്ത് ഈ നഗരത്തിൽ 30 രാജാക്കന്മാർ സിംഹാസനത്തിൽ ഇരുത്തപ്പെട്ടു. ഇതേപോലെ നെപ്പോളിയനും ഈ നഗരത്തിൽവന്ന് താമസിക്കാറുണ്ടായിരുന്നു.

ശേഷം പേജ് 12 ൽ

പേജ് 5 ൽ നിന്ന്

ദിയ്യാ ജമാഅത്താണ്. അതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന ടി.വി. ചാനലുകളുണ്ട്. ജഹോവാഹ്സ് വിറ്റ്നസ്സസ്(Jehovah's-Witnesses) മോർമോൺസ് (Mormons), അഡ്വവൻടിസറ്റ് എസ്.ഡി.എ(Adventist SDA) എന്നിവപോലുള്ള സംഘടനകൾ ഇസ്ലാമിലുമുണ്ടോ? എന്ന് ഞാൻ ചോദിക്കുമായിരുന്നു. (ഇതെല്ലാം ക്രൈസ്തവ ചാനലുകളാണ്. ഇവയിലെ അംഗങ്ങൾ ലക്ഷക്കണക്കിനുപേർ നൂറിൽപരം രാജ്യങ്ങളിൽ പ്രവർത്തിക്കുന്നു.) എന്നാലെനിക്ക് മറുപടി ലഭിച്ചില്ല. അങ്ങനെയുള്ള ഏക ഇസ്ലാമിക പ്രസ്ഥാനമാണ് അഹ്മദിയ്യാ ജമാഅത്ത്. അത് വിശ്വവ്യാപകമാണ്. ഞാനിതിലെ അംഗമാണെന്നതിൽ അഭിമാനിക്കുന്നു. എന്റെ സ്വഭാവത്തിനും വ്യക്തിത്വത്തിനും ഇണങ്ങിയ ഇസ്ലാമിക പ്രസ്ഥാനമാണിത്. അഹ്മദിയായതുകൊണ്ട് ഇനി എനിക്ക് ഫലപ്രദമായ വ്യക്തിയാകാൻ സാധിക്കും. ഭൗതികവും ആത്മീയവുമായ അഭിവൃദ്ധി സിദ്ധിക്കുകയും ചെയ്യുന്നതാണ്.

ഖസാഖ്സ്താൻ (Kazakhstan)നിലുള്ള ബഗോ ബായോസ് ദോരേൻ സാഹിബ് പറയുന്നു: ജൽസ എന്റെ മനസ്സിൽ പ്രത്യേകമായൊരു സ്വാധീനം ചെലുത്തുകയുണ്ടായി. ഞാൻ ജൽസാസാലാനയുടെ പരിപാടികൾ എന്റെ ഭാര്യാസമേതം ഒരു ആത്മീയാന്തരീക്ഷത്തിലാണ് കണ്ടത്. കാലത്തിന്റെ ഖലീഫയുടെ പ്രഭാഷണം എന്റെ മനസ്സിന് പ്രത്യേകമായ പ്രേരണ നല്കി. അതു വാക്കുകളിൽ വിവരിക്കാനാവുകയില്ല. അതുപോലെ മറ്റു പ്രഭാഷകരുടെ പ്രഭാഷണങ്ങളും മികച്ചതായിരുന്നു. എം.ടി.എ മുഖേന ലോകമെമ്പാടുമുള്ള അഹ്മദികൾക്ക് ജൽസയുടെ പരിപാടികൾ കാണാനുള്ള തൗഫീഖ് ലഭിച്ചു. അല്ലാഹു എല്ലാ പ്രവർത്തകർക്കും സംഘാടകസമിതിക്കും പ്രതിഫലം നല്കുമാറാകട്ടെ. അതുപോലെ അദ്ദേഹം തനിക്കുവേണ്ടിയും ദുആയ്ക്ക് അപേക്ഷിച്ചു. അല്ലാഹു ഈ ആത്മീയാനുഭൂതിയും മാനസികാവസ്ഥയും അടുത്ത ജൽസാസാലാനവരെ നിലനിറുത്തുമാറാകട്ടെ. എന്നല്ല എപ്പോഴും നിലനിറുത്തുമാറാകട്ടെ.

സാംബിയ(Zambia)യിലെ ഒരു നവഅഹ്മദി എന്റെ പ്രസംഗം കേട്ടപ്പോൾ വികാരാധീനനായി കരയുകയുണ്ടായി. കൂടെയുള്ള സുഹൃത്ത് കാര്യം തിരിക്കിയപ്പോൾ അദ്ദേഹത്തിന് മറുപടി പറയാൻ കഴിഞ്ഞില്ല. അവിടെനിന്ന് അദ്ദേഹം കുറച്ചു നേരം പുറത്തുപോയി. കണ്ണീർ തുടച്ച് മടങ്ങിവന്നു. വീണ്ടും ചോദിച്ചപ്പോൾ ഇപ്രകാരം മറുപടി നല്കി:"ജീവിതത്തിലാദ്യമായാണ് കാലത്തിന്റെ ഖലീഫയെ കാണുകകയും ആ ശബ്ദം കേൾക്കുകയും ചെയ്യുന്നത്. അതുകൊണ്ടാണ് കരഞ്ഞുപോയത്. അദ്ദേഹം പറഞ്ഞു: എനിക്കിപ്പോൾ 80 വയസ്സായി. ഞാനെന്റെ മുഴുവൻ ജീവിതവും ചെന്നായ്ക്കളോടൊപ്പമാണ് അതായത് അക്രമകാരികളോടൊപ്പമാണ് കഴിച്ചുകൂട്ടിയത്. അഹ്മദിയ്യത്തിലേക്ക് വന്നപ്പോഴാണ് ഇസ്ലാമിന്റെ യഥാർഥ അധ്യാപനം സ്നേഹം പ്രചരിപ്പിക്കലാണ് അല്ലാതെ വിദ്വേഷ പ്രചാരണമല്ല എന്ന് മനസ്സിലായത്. പിന്നെ ഒരു ദിവസം സ്വുബ്ഹി നമസ്കാരശേഷമുള്ള ദർസ് കഴിഞ്ഞപ്പോൾ എഴുന്നേറ്റുനിന്നു. എന്നിട്ട് എല്ലാവരേയും സംബോധന ചെയ്തുകൊണ്ട് പറഞ്ഞു:മസ്ജിദുകളെ ജനനിബിഢമാക്കുക മുറബ്ബിമാരുടെ മാത്രം ജോലിയല്ല. പ്രത്യുത അത് നമ്മുടെ എല്ലാവരുടേയും കടമയാണ്. നമ്മൾ എല്ലാവർക്കും തബ്ലീഗ് ചെയ്യേണ്ടതാണ്.

ഓസ്ത്രേലിയാ(Australia)യിൽ ഒരു നവ അഹ്മദി ഈസോഗബ്റെ(Esaw Gebre) സാഹിബുണ്ട്. കുറച്ചുമുമ്പേതന്നെ അദ്ദേഹം ബയ്അത്ത് ചെയ്തിരുന്നുവെങ്കിലും ചില അനഹ്മദികളുടെ ആക്ഷേപങ്ങൾ അദ്ദേഹത്തെ സ്വാധീനിച്ചിരുന്നു. പ്രത്യേകിച്ച് ജൽസ നടത്തുന്നത് ബിദ്അത്താണെന്ന ആക്ഷേപം. അദ്ദേഹം ഓസ്ത്രേലിയായിലെ മസ്ജിദിൽവച്ച് ആഗോള ബയ്അത്തിൽ പങ്കെടുത്തു. അദ്ദേഹം പറഞ്ഞു: എന്റെ എല്ലാ സംശയങ്ങളും ദുരൂഹതകളും അകന്നിരിക്കുന്നു. കാരണം ജൽസാ അല്ലാഹുവിനു വേണ്ടിയാണ് സംഘടിപ്പിക്കപ്പെടുന്നതെന്ന് എനിക്കു വ്യക്തമായി കാണാൻ സാധിക്കുന്നുണ്ടായിരുന്നു. എനിക്ക് എന്റെ ഈമാനിനെ പരിഷ്കരിക്കുന്നതിനുള്ള അവസരമായിരുന്നു അത്. ബയ്അത്തിന്റെ അവസരത്തിൽ ദുആയിൽ പങ്കെടുത്തപ്പോൾ, കാലത്തിന്റെ ഖലീഫയോടൊപ്പമുള്ള ദുആയിൽ പങ്കെടുത്തപ്പോൾ എന്റെ ദുആകളും സ്വീകാര്യയോഗ്യമാകുമെന്ന് എനിക്ക് പൂർണ വിശ്വാസമുണ്ടായി.

ജൽസയുടെ പരിപാടികൾ കാണുമ്പോൾ ജനങ്ങൾക്ക് ഈമാനിലും അഭിവൃദ്ധിപ്പെടാനാകുന്നു. ഓസ്ത്രേലിയാ(Australia)യിലെ ഒരു നവ അഹ്മദി മിക്കിയാസ് ഗബ്റെ(Mikias Gebre) സാഹിബ് പറയുന്നു: ആഗോള ബയ്അത്ത് എന്നെ സംബന്ധിച്ചിടത്തോളം അത്ഭുതാവഹമായൊരു അനുഭവമായിരുന്നു. ആ സമയത്ത് ഞാൻ കടന്നുപോയ ആത്മീയനിർവൃതി അതിനുമുമ്പേ ഒരിക്കലും അനുഭവിക്കാത്തതായിരുന്നു. എനിക്ക് മനശ്ശാന്തിയും ആത്മീയാനന്ദവും നല്കുന്ന ഒരു ആത്മീയാന്തരീക്ഷമായിരുന്നു അത്.

ലെയസോഥോയിലെ ഒരു നവഅഹ്മദി യൂസുഫുൽഇബിസാ സാഹിബ് പറയുന്നു: ഇതെന്റെ ആദ്യ ജൽസയാണ് ഞാനാദ്യമായാണ് കാലത്തിന്റെ ഖലീഫയെ കണുന്നത്. ഇസ്ലാമികാധ്യാപനം മുഖേന ഇന്നത്തെ സമൂഹത്തിലുള്ള ദൗർബല്യങ്ങളും തിന്മകളും വിപാടനം ചെയ്യേണ്ട മാർഗങ്ങൾ ഖലീഫ വിവരിക്കുകയുണ്ടായി. അതിനു സമാനമായതു ഇന്നുവരെ ഞാൻ എവിടേയും കേട്ടിട്ടില്ല. ക്രിസ്തുമതത്തിൽനിന്ന് എനിക്ക് അക്കാര്യം പഠിക്കാനായിട്ടില്ല. ഞാൻ അഹ്മദിയ്യത്തിനെ കുറിച്ച് പര്യവേക്ഷണം നടത്തുന്ന ഘട്ടത്തിൽ ഞാനാദ്യമായി കാലത്തിന്റെ ഖലീഫയുടെ ചിത്രം കണ്ട ശേഷം എന്നോടു അല്ലാഹു സ്വപ്നത്തിൽ ഇതു സത്യമതമാണെന്ന് പറയുകയുണ്ടായി. അഹ്മദിയ്യത്തിലേക്ക് ഞാൻ വന്നതും യഥാർഥ ഇസ്ലാമിനെ കരസ്ഥമാ

ക്കിയതും സത്യത്തിൽ കാലത്തിന്റെ ഖലീഫയെ കണ്ടശേഷം എനിക്കു ലഭിച്ച മാർഗദർശനത്തിന്റെ ഫലമായാണ്. അതുപോലെ ജീവിതത്തിൽ ആദ്യമായി ഞാൻ ജൽസ കണ്ടു. ആത്മാവിനെ തൊട്ടുണർത്തുന്ന ബയ്അത്തിന്റെ ദൃശ്യവും ഞാൻ കണ്ടു. അതിൽ പങ്കെടുത്ത ശേഷം ഞാൻ എന്നിലൊരു സൽപരിവർത്തനവും അനുഭവിച്ചറിയുന്നുണ്ട്. ഒരു പുതു ജീവൻ ലഭിച്ച അനുഭൂതിയാണുള്ളത്.

അൽബേനിയാ(Albania)യിലെ പെല്ലുമ്പ് ബേജ (Pellumb Beja) സാഹിബ് ജർമനിയിലെ ചരിത്രാധ്യാപകനാണ്. മൂന്നുനാലു വർഷം മുമ്പേയാണ് അദ്ദേഹം ബയ്അത്ത് ചെയ്തത്. അദ്ദേഹം പറയുന്നു: ഈ വർഷം യു.കെ ജൽസയിൽ ഞാൻ വെർച്ചലായിട്ടാണ് പങ്കെടുത്തതെങ്കിൽകൂടി ഞാൻ സ്വയം അവിടെ സന്നിഹിതനായിരുന്ന പ്രതീതിയായിരുന്നു എനിക്കുണ്ടായിരുന്നത്. ജൽസയുടെ അന്തരീക്ഷവും കാലത്തിന്റെ ഖലീഫയുടെ പ്രഭാഷണവും എന്നിൽ വലിയ തോതിൽ സ്വാധീനമുളവാക്കി. ഞാൻ ഫിസിക്കലായിട്ട് അവിടെ ഹാജരാണെന്ന് എനിക്കു തോന്നലുണ്ടായി. അഹ്മദിയ്യ ജമാഅത്തിലെ ഐക്യത്തിന്റെ സ്വയം പര്യാപ്തമായ തെളിവായിരുന്നു ഈ ആഗോള ജൽസാസാലാന. ലോകം മുഴുവനുമുള്ള അഹ്മദികൾ ഒരു ഖലീഫയുടെ കൈയിൽ സംഘടിച്ചിരിക്കുന്നു. സകല അഹ്മദികളും തങ്ങളുടെ ഉത്തരവാദിത്വങ്ങളെ കുറിച്ച് അറിയാൻ തൽപരരാണ്. അദ്ദേഹം പറഞ്ഞു: ഖലീഫ സമാപന പ്രസംഗത്തിൽ വളരെ ലളിതമായ വാചകങ്ങളിലൂടെ നമുക്ക് സ്പഷ്ടമായ മാർഗനിർദേശങ്ങൾ നല്കുകയുണ്ടായി. സമൂഹത്തിലെ എല്ലാവിഭാഗമാളുകൾക്കും അനായാസം മനസ്സിലാകുന്ന വാക്കുകളായിരുന്നു അവ. നമ്മെ നമ്മുടെ ഉത്തരവാദിത്വങ്ങളുടെ മുമ്പിൽകൊണ്ടു നിറുത്തുന്ന പ്രഭാഷണമായിരുന്നു അത്.പ്രത്യേകിച്ച് അൽബേനിയാ(Albania)യിലെ സൊസൈറ്റിയിൽ സ്ത്രീകളുടെ അവകാശങ്ങളുടെ കാര്യത്തിൽ ഒരുപാട് പ്രശ്നങ്ങളുള്ളതിനാൽ ഞങ്ങൾക്ക് അത് വളരെ പ്രസക്തമായിരുന്നു.

നൈജർ(Niger)ലെ ഗയ്ഡൻ റൂംജി(Guidan Roumji) റീജ്യണിലെ ഒരു സ്ത്രീ പറയുന്നു: ഇന്ന് ലജ്നകളോടുള്ള പ്രഭാഷണം കേട്ടപ്പോൾ എനിക്ക് സ്ത്രീകളുടെ കടമകളും അവകാശങ്ങളും സംബന്ധിച്ച് നല്ല ബോധ്യമുണ്ടായി. തുടർന്ന് അവർ പറയുന്നു: ഹുദൂർ ഹദ്റത്ത് അമ്മാ ജാൻ തന്റെ മക്കളെ പരിപാലിച്ചതിനെ കുറിച്ചും അവരുടെ സുശിക്ഷണ മാതൃകയെ കുറിച്ചും പരാമർശിച്ചിരുന്നു. ആ നേരത്തു തന്നെ ഞാനിങ്ങനെ പ്രതിജ്ഞ ചെയ്തു: ഇന്നു മുതൽ ഞാനും മക്കളുടെ ശിക്ഷണകാര്യത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തുന്നതായിരിക്കും. അങ്ങനെ അവരെ മാതൃകാപരമായ സേവനങ്ങൾക്കുവേണ്ടി തയ്യാറാക്കുന്നതായിരിക്കും.' ഇത്തരത്തിലാണ് അല്ലാഹു മനുഷ്യരിൽ മാറ്റങ്ങളുണ്ടാക്കുന്നത്.

ഏഡിലൈഡി(Adelaide)ലെ മുറബ്ബി ആത്വിഫ് സാഹിദ് സാഹിബ് പറയുന്നു: ലണ്ടനുമായി ഏഡിലൈഡിലെ സമയത്തിന് എട്ടര മണിക്കൂറിന്റെ അന്തരമുണ്ട്. ജൽസയുടെ എല്ലാ പരിപാടികളും രാത്രി വളരെ വൈകിയിട്ടാണ് ഇവിടെ കിട്ടിക്കൊണ്ടിരുന്നത്. ആളുകൾ വരുമോ എന്നും ഹാജർ നില കുറയുമോ എന്നും ആശങ്കയുണ്ടായിരുന്നു. പക്ഷേ, ആളുകൾ അസാമാന്യമായ ആത്മാർഥതയാണ് കാണിച്ചത്. ജുമുഅ ദിവസം ജോലിദിവസമായിരുന്നിട്ടും ആളുകൾ മസ്ജിദിൽ വരികയും ഖുത്ബകേൾക്കുകയും ആഗോള ബയ്അത്തിൽ പങ്കെടുക്കുകയും ചെയ്തു. രാത്രി മൂന്നുവരെ ഉറക്കമൊഴിച്ചുകൊണ്ട് അവർ സമാപന പ്രസംഗം കേൾക്കുകയുണ്ടായി. ഖിലാഫത്തിനോടുള്ള അവരുടെ സ്നേഹം കാണേണ്ടതുതന്നെയായിരുന്നു. ഇക്കാര്യത്തിൽ എല്ലവരും എം.ടി.എ യോടു നന്ദി പ്രകടിപ്പിക്കുകയും ചെയ്തു.

ഖസാഖ്സ്താൻ(Kazakhstan)നിൽനിന്ന് ഗുൽയാൻ ആയി മക്കീന സാഹിബ പറയുന്നു: അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജൽസാസാലാന യു.കെ. വിജയകരമായി സമാപിച്ചു. കാലത്തിന്റെ ഖലീഫയുടേയും മറ്റുള്ളവരുടേയും വിവിധ വിഷയങ്ങളെ അധികരിച്ചുള്ള പ്രസംഗങ്ങൾ വളരെയധികം ഉപകാരപ്രദവും ആകർഷണീയവുമായിരുന്നു. ഈ പ്രസംഗങ്ങൾ എന്റെ മനസ്സൽ ഒരു പ്രത്യേക പ്രഭാവം ചെലുത്തുകയുണ്ടായി. തബ്ലീഗ് ചെയ്യേണ്ട രീതിയും പഠിക്കുകയുണ്ടായി. ഇതുപോലെ മറ്റുള്ളവർക്കും അവരുടെ ചോദ്യങ്ങൾക്ക് ഉത്തരം ലഭിച്ചിട്ടുണ്ടാകുമെന്ന് ഞാൻ ദൃഢമായും വിശ്വസിക്കുന്നു. എനിക്ക് ബയ്അത്ത് പുതുക്കാനുള്ള തൗഫീഖും അല്ലാഹു നല്കുകയുണ്ടായി. അല്ലാഹു ജനങ്ങളുടെ ഹൃദയവും കണ്ണും തുറക്കുമാറാകട്ടെ. അവർ സന്മാർഗം പ്രാപിക്കുന്നവരുമാകട്ടെ.

യെമനിൽ(Yemen)നിന്ന് ശീമ ഖാസിം സാഹിബ പറയുന്നു: ഞങ്ങൾ ജൽസാ പരിപാടികൾ കാണുകയുണ്ടായി. ഞങ്ങൾ സ്വർഗത്തിലാണോ എന്ന് തോന്നിപ്പോയി. ഇസ്ലാമിന്റെ സൂര്യൻ വീണ്ടും ഞങ്ങളിൽ ഉദിച്ചുയർന്നിരിക്കുന്നു. ഞങ്ങളുടെ ഹൃദയങ്ങൾക്കും ആത്മാവിനും ആർദ്രത പ്രദാനം ചെയ്തിരിക്കുന്നു. ഞങ്ങളിൽ യഥാർഥ വിശ്വാസവും സ്നേഹവും ഐക്യവും ധാർമികതയുടെ ആത്മാവും ഊതപ്പെട്ടു. ഞങ്ങൾ അങ്ങയിൽനിന്ന് അകലത്തായിരുന്നു. പക്ഷേ, ഞങ്ങളുടെ മനസ്സ് അങ്ങയോടൊപ്പമായിരുന്നു. ഞങ്ങൾ ഒരേയൊരു വീട്ടിലാണുണ്ടായിരുന്നത്. ഒരു അഹ്മദിയ്ക്കല്ലാതെ മറ്റാർക്കും ഈ ബന്ധം സങ്കൽപ്പിക്കാനെ കഴിയുകയില്ല. ഞങ്ങളുടെ രാജ്യത്ത് അതിശക്തമായ മഴ പെയ്തിരുന്നിട്ടും ജൽസയുടെ മൂന്നു ദിവസവും കാലാവസ്ഥ നന്നായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഞങ്ങൾ ജൽസയുടെ എല്ലാ പരിപാടികളും കണ്ടു. അല്ലാഹു ഖിലാഫത്തിന് അമരത്വം നല്കുമാറാകട്ടെ. അതുകൂടാതെ നമുക്കൊരു അസ്തിത്വമോ ഉദ്ദേശ്യമോ ഇല്ല.

പിന്നീട് കബാബീറിൽനിന്ന് മറ്റൊരു അറബി സ്ത്രീ ദുആ സാഹിബ പറയുന്നു: അങ്ങയുടെ പ്രസംഗത്തിന്റ നോട്ട്സെഴുതാൻ ശ്രമിച്ചുകൊണ്ടിരുന്നു. സ്ത്രീകളുടെ അവകാശങ്ങളെ കുറിച്ച് പ്രതിപാദിച്ച സമാപന പ്രഭാഷണത്തിന് വളരെ നന്ദിയുണ്ട്. എന്റെ അവകാശങ്ങളേയും എന്റെ ബോധ്യങ്ങളേയും സംരക്ഷിക്കുന്ന ഒരു മതത്തിന്റെ അനുയായിയാണ് ഞാൻ. ഈ എല്ലാ കാര്യങ്ങളും അമുസ്ലിമീങ്ങളായ എന്റെ സുഹൃത്തുക്കളുടെ മുമ്പിൽ വിവരിക്കുന്നതിൽ എനിക്ക് അഭിമാനമുണ്ട്.

അതിനുശേഷം സ്ത്രീയെ സംബന്ധിച്ചിടത്തോളം പുരുഷന്മാരുടെ അവകാശങ്ങളെ സംബന്ധിച്ച് അങ്ങ് ഞങ്ങളോടു പറഞ്ഞു. ഇതിൽനിന്ന് ഞാനെന്റെ പിതാവിന്റേയും സഹോദരന്മാരുടേയും ഭർത്താവിന്റേയും അവകാശങ്ങൾ നല്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ എനിക്ക് അവസരം കിട്ടി. ബയ്അത്തിന്റെ അവസരത്തിൽ ഞാൻ യഥാർഥത്തിൽ കാലത്തിന്റെ ഖലീഫയോടൊപ്പമാണെന്നും നമ്മുടെ ഇടയിൽ ഒരു രാജ്യവും ഒരു സമുദ്രവും ഇല്ല. എന്റെ ഹൃദയം പൊട്ടിപ്പോകുമോ എന്ന വിധമായിരുന്നു എന്റെ സന്തോഷം.

ജോർദാനിൽ(Jordan)നിന്ന് അമത്തുശ്ശാഫീ സാഹിബ എഴുതുന്നു: ഞാൻ ജൽസസാലാനയിലെ അങ്ങയുടെ ഉദ്ഘാടന പ്രഭാഷണം കേട്ടു. എന്റെ ഉത്തരവാദിത്വം മനസ്സിലായപ്പോൾ ശരീരം വിറകൊണ്ടുപോയി. രണ്ടാം ദിവസത്തെ പരിപാടിയിൽ വഗാൻഡ എന്നു പേരുള്ള നാട്ടിലെ അഹ്മദികളുടെ ഹദ്റത്ത് മസീഹ് മൗഊദ്(അ) നോടും കാലത്തിന്റെ ഖലീഫയോടുമുള്ള സ്നേഹം കണ്ടു. ഈ ഗ്രാമം അങ്ങേയറ്റം പിന്നാക്കം നിൽക്കുന്ന സ്ഥലമാണെങ്കിലും അതിലെ വാസികൾ ഇപ്പോഴും ജീവിതത്തിന്റെ പ്രാഥമിക ആവശ്യങ്ങളിൽനിന്നുപോലും പിന്തള്ളപ്പെട്ടവരാണെങ്കിലും ഈ നാട്ടിലെ ഒരു ഉദ്യോഗസ്ഥൻ പറയുന്നതുകേട്ട് എന്റെ കണ്ണിലൂടെ കണ്ണീരൊഴുകി, താൻ അല്ലാഹുവിനേയും അവന്റെ റസൂലിനേയും മസീഹു മൗഊദിനേയും സ്നേഹിക്കുന്നുവെന്ന് അദ്ദേഹം പറയുകയായിരുന്നു. ബാഹ്യമായി നോക്കുമ്പോൾ ഇതൊരു സാദാ വാക്കുകളായിരുന്നു. പക്ഷേ, ആ വാക്കുകൾ എന്റെ മനസ്സിനെ ഒരുപാട് സ്വാധീനിച്ചു.

പിന്നെ ഈജിപ്റ്റിലെ മർവ അബ്ദുല്ലാഹ് സാഹിബയാണ്. അവർ പറയുന്നു: അമീറുൽമുഅ്മിനീൻ! അങ്ങ് ഞങ്ങളുടെ മനസ്സുകളെ അങ്ങയുടെ പ്രസംഗങ്ങൾകൊണ്ടും മറ്റു പ്രസംഗകരുടെ പ്രസംഗങ്ങൾകൊണ്ടും ധന്യമാക്കി. ഞാൻ ഇതിന്നിടയിൽ ആത്മീയാകാശത്തിൽ പറക്കാൻ തുടങ്ങി. എന്റെ റബ്ബിന്റെ മുലാഖാത്തിനുവേണ്ടി അസ്വസ്ഥയായി. താങ്കൾ പറഞ്ഞ ആ ശാന്തി പ്രാപിച്ച ആത്മാവിന്റെ ദർജവരെ ഉയരണമെന്ന് ഞാനാഗ്രഹിക്കുന്നു. അല്ലാഹുവിനോടുള്ള സ്നേഹത്തിലും അവനെ കണ്ടുമുട്ടുന്നതിലുള്ള ഉത്സാഹത്തിലും ചുറ്റുവട്ടത്തുള്ള എല്ലാ വർത്തമാനങ്ങളും മറന്നുപോകും വിധം

ലയിച്ചു ചേരണമെന്ന് എന്റെ മനസ്സ് ആഗ്രഹിക്കുന്നു.എന്റെ ശരീരം ലോകത്തിന്റെ മുമ്പിൽ ഉണ്ടായിക്കൊള്ളട്ടെ. പക്ഷേ, എന്റെ ആത്മാവ് ആകാശത്തിൽ അല്ലാഹുവിനോടും അവന്റെ റസൂലിനോടുമുള്ള സ്നേഹത്തിൽ അലിഞ്ഞുചേർന്ന് പറക്കണം!

അറബികളിൽ ഒരു പ്രത്യേക കഴിവുണ്ട്. വളരെ നല്ല വാക്കുകൾ അവർ ഉപയോഗിക്കുന്നു. തങ്ങളുടെ ആത്മാർഥതയും കൂറും പ്രകടിപ്പിക്കാൻ അവർക്ക് അറിയാം. അല്ലാഹു അവരുടെ ഈമാനിലും യഖീനിലും അഭിവൃദ്ധി നല്കുമാറാകട്ടെ.

പിന്നീട് മലേഷ്യയിൽ(Malaysia)നിന്നുള്ള ഒരു നവ അഹ്മദി സ്നേഹിതനുണ്ട്. നസ്ലാൻ അസ്ഗാൻ(Nazian Azgan)സാഹിബ്. വളരെ സാദാ മുനഷ്യനാണ്. വളരെ ലളിതമായി ജീവിക്കുന്നയാളാണ്. സാമ്പത്തികാവസ്ഥയും അത്ര മെച്ചമൊന്നുമല്ല. ഇന്റർനെറ്റിൽ ജൽസ കാണുന്നതിന് അദ്ദേഹത്തിന്റെ കൈയിൽ പൈസയൊന്നുമുണ്ടായിരുന്നില്ല. അദ്ദേഹം തന്റെ വീട്ടിന്റെ മുമ്പിലുണ്ടായിരുന്ന മാവിൽനിന്ന് മാങ്ങ പറിച്ചു. അതു വിറ്റു. അങ്ങനെ ഇന്റർനെറ്റ് ഡേറ്റ വാങ്ങി. പിന്നീട് ജൽസയുടെ പരിപാടികൾകേട്ടു.

ഗിനി-ബിസോ(Guinea-Bissau)യിലെ ഒരു അനഹ്മദി സ്നേഹിതനാണ് ആസീനി ബൾഡേ സാഹിബ് ജൽസയുടെ പരിപാടികൾ കേട്ടു. അദ്ദേഹം പറയുന്നു: ഞാനിന്നേവരെ ഇങ്ങനെയുള്ള പരിപാടി കണ്ടിട്ടേയില്ല. ഇതിൽ ആളുകൾ തങ്ങളുടെ ലീഡറെ എത്ര സ്നേഹത്തോടും ആദരവോടും കൂടിയാണ് കേൾക്കുന്നത്. ആഗോളബയ്അത്തിന്റെ ദൃശ്യം വളരെ മനോഹരമായിരുന്നു. അദ്ദേഹം ആഗോളബയ്അത്തിന്റെ ദൃശ്യം മാത്രമാണ് കണ്ടിരുന്നത്. അതിൽ മുഴുവൻ, ജമാഅത്തും ഒരു കൈയിൽ സംഘടിച്ചിരുന്നു. ഈ ദൃശ്യം കണ്ടിട്ട് അഹ്മദിയ്യ ജമാഅത്ത് തങ്ങളുടെ ഖലീഫയെ പൂർണമായും അനുസരിക്കുന്നുവെന്ന് എനിക്ക് ദൃഢമായ വിശ്വാസമുണ്ടായി. ഇതുതന്നെയാണ് അവരുടെ അഭിവൃദ്ധിയുടെ രഹസ്യവും. നിങ്ങൾ സത്യമായ വഴിയിലാണുള്ളത്.

മെക്സിക്കോ (Mexico)യിൽനിന്ന് ഥുറയ്യ ഗോമസ് സാഹിബ പറയുന്നു: ജൽസാസാലാനാ യു.കെയിലെ പ്രസംഗങ്ങൾ കേൾക്കാൻ അവസരം കിട്ടി. സമാപന പ്രഭാഷണം ഏറ്റവുമധികം ഹൃദയാവർജകമായിരുന്നു. അതിലാണ് സ്ത്രീകളുടെ അവകാശങ്ങളെ കുറിച്ച് പ്രതിപാദിച്ചത്. എങ്ങനെ വീട്ടിലെ അന്തരീക്ഷം നന്നാക്കാൻ കഴിയും? ഇതു എങ്ങനെയുള്ള അധ്യാപനമാണെന്നാൽ ഇതനുസരിച്ച് ഞാൻ തന്നെയും എന്റെ ജീവിതത്തെ കർമങ്ങളിലൂടെ മെച്ചപ്പെടുത്താൻ ശ്രമിക്കുന്നതാണ്. ഇതിനുപുറമെ ബയ്അത്തിന്റെ പരിപാടി കണ്ടപ്പോൾ വളരെ വികാരാധീനയായി. എനിക്കുണ്ടായ അവസ്ഥ വിവരിക്കാൻ വാക്കുകളില്ല. എന്നാൽ, ഞാൻ വലിയ സന്തോഷവും സമാധാനവും അനുഭവിക്കുകയായിരുന്നു.

ഗിനി-ബിസോ(Guinea-Bissau)യിൽ ഒരു നവ അഹ്മദി സ്ത്രീയുണ്ട്. അവർ തന്റെ ഒരു അനഹ്മദി സ്ത്രീ സേബുന്നിസായെ ജൽസ കാണിക്കാൻ കൊണ്ടുവന്നു. അവർ പറയുന്നു: ജൽസയുടെ മൂന്നു ദിവസങ്ങളിലേയും എല്ലാ പരിപാടികളിലും പങ്കെടുക്കുകയും അങ്ങയുടെ എല്ലാ പ്രസംഗങ്ങളും കേൾക്കുകയും ചെയ്തു. അവസാന ദിവസം മസ്ജിദിൽ ഈ അഹ്മദി സ്ത്രീ അഹ്മദിയ്യാ ജമാഅത്തിനെ കുറിച്ച് എനിക്ക് ഒരുപാട് ആക്ഷേപങ്ങളുണ്ടായിരുന്നു. എന്നാൽ, നിങ്ങളുടെ ഖലീഫയുടെ പ്രസംഗങ്ങൾ കേട്ട് എല്ലാ ആക്ഷേപങ്ങളും അവസാനിച്ചിരിക്കുന്നു. ഞാൻ അഹ്മദിയ്യത്തിൽ ചേരുന്നതായി വിളംബരപ്പെടുത്തുകയാണ്. ഞാനെന്റെ മകനേയും അഹ്മദിയ്യ ജമാഅത്തിന് വഖ്ഫു ചെയ്യുന്നു.

ഗിനി-ബിസോ(Guinea-Bissau)യിലെ ഒരു ഗ്രാമത്തിൽ താമസിക്കുന്ന സ്ത്രീയാണ് കുമ്പാ കീട്ടാ സാഹിബ. അവർ യു.കെ. ജൽസയിലെ പരിപാടികളിൽ പങ്കെടുത്തു. ആഗോളബയ്അത്തിനെ കുറിച്ച് കേട്ടപ്പോൾ മുഅല്ലിമിനോടു അതിനെ കുറിച്ച് വിശദവിവരം ചോദിച്ചു. മുഅല്ലിം സാഹിബ് ബയ്അത്തിന്റെ 10 നിബന്ധനകളോ കുറിച്ച് പറഞ്ഞു. അങ്ങനെ ഈ സ്ത്രീ ബയ്അത്ത് പരിപാടിയിൽ പങ്കെടുത്തു. ബയ്അത്തിന്റെ എല്ലാ വാക്കുകളും ഏറ്റു പറഞ്ഞു. സമാപന പ്രഭാഷണവും കേട്ടു. അവസാനം പറഞ്ഞു:ഞാൻ അഹ്മദിയ്യത്ത് ആഗോളബയ്അത്ത് നടക്കുമ്പോൾത്തന്നെ സ്വീകരിച്ചിരുന്നു.

എന്നാൽ, ഈ പ്രസംഗത്തിനുശേഷം വിളംബരം ചെയ്യാനാഗ്രഹിക്കുകയാണ്, ഈ നേരത്ത് മുസ്ലിം ഉമ്മത്തിനെ ആർക്കെങ്കിലും രക്ഷിക്കാൻ കഴിയുമെങ്കിൽ അത് അഹ്മദിയ്യ ഖിലാഫത്തിനു മാത്രമാണ്. ഇന്ന് ഞാൻ അഹ്മദിയ്യ ജമാഅത്തിൽ ചേരുന്നതായി പ്രഖ്യാപിക്കുകയാണ്. എന്റെ മക്കളേയും അഹ്മദിയ്യാ ജമാഅത്തിൽ ചേരാൻ ഉപദേശിക്കുന്നതായിരിക്കും. കാരണം അഹ്മദിയ്യ ജമാഅത്തുതന്നെയാണ് യഥാർഥ ഇസ്ലാം.

കോംഗോ(Congo) ബ്രാസവിലിലെ വിവിധ ജമാഅത്തുകളിലെ മിഷണറി എഴുതുന്നു: മൊത്തത്തിൽ ജൽസയുടെ എല്ലാ സംപ്രേഷണങ്ങളും എം.ടി.എ ആഫ്രിക്കയിൽ തൽസമയം കാണാനുള്ള തൗഫീഖ് കിട്ടി. ഹുദൂറിന്റെ പ്രഭാഷണങ്ങൾ ധാരാളമാളുകളെ ആകർഷിച്ചു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ പ്രഭാഷണങ്ങൾ കേട്ട കാരണത്താൽ 23 ആളുകൾക്ക് ഈ ദിനങ്ങളിൽ ബയ്അത്തു ചെയ്യാൻ തൗഫീഖ് കിട്ടി.

കോംഗോ(Congo) ബ്രാസവിലിലെ ക്രൈസ്തവ മതവുമായി ബന്ധമുള്ള മിസ്റ്റർ എംബൗറ ബൻ ജെലി(Mboura Ben Jeli) സാഹിബിനെ ജൽസയിൽ ക്ഷണിച്ചു. രണ്ടുദിവസം അദ്ദേഹം ജൽസയുടെ പരിപാടികൾ കേട്ടു. അദ്ദേഹം പറയുന്നു, ഞാനിവിടെ രണ്ടുദിവസമായി അല്ലാഹുവിനോടുള്ള കടമകളേയും മനുഷ്യരോടുള്ള കടമയേയും തഖ്വയേയും ഇസ്തിഗ്ഫാറിനേയും കുറിച്ചുള്ള കാര്യങ്ങൾ കേട്ടു. അതെന്റെ മനസ്സിൽ തറച്ചുപോയി. എന്റെ ഉള്ളിൽ ഒരു മാറ്റം അനുഭവിക്കുന്നുണ്ട്. ചർച്ചിലാണെങ്കിൽ മന്ത്രവാദവും ദുഷ്ടാത്മാക്കളെ പുറത്താക്കലും അല്ലാതെ അവരോടു ഒന്നുംതന്നെ പറയുകയില്ല. നിങ്ങളുടെ ജമാഅത്തിൽ പ്രവേശിക്കാൻ ഞാൻ തീരുമാനിച്ചിരിക്കുന്നു. കാരണം ഇവിടെയാണ് ആത്മീയമായ സമാധാനം ലഭിച്ചത്. അങ്ങനെ അദ്ദേഹം ബയ്അത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചു.

ബുർക്കിനാ ഫാസോ (Burkina Faso) യിലെ നവ അഹ്മദി സുഹൃത്ത് നീസാ ബീസാ(Gnisse Bessa) സാഹിബ് പറയുന്നു: ഖലീഫത്തുൽമസീഹിനെ നേരിൽ കാണുന്നത് എന്റെ ആദ്യത്തെ അനുഭവമാണ്. ഞാൻ ഇസ്ലാമിൽ പുതിയതായി വന്നയാളാണ്. എന്റെ ചിന്തയിൽ എപ്പോഴും ഈ ചോദ്യമുണ്ടായിരുന്നു, ലോകം നിർബന്ധമായും ഒരു ലീഡറിന്റെ കൈയിൽ സംഘടിക്കേണ്ടതാണ്. ഇപ്പോൾ ഇവിടെ അഹ്മദിയ്യ ജമാഅത്തിലെ ആളുകളെ കണ്ടു. ഇതിൽ ഐക്യം കാണുന്നുണ്ട്. അതുകൊണ്ട് ഞാനിപ്പോൾ അവരുടെ കൂടെ അഹ്മദിയ്യാ മസ്ജിദിൽ നമസ്കരിക്കാൻ തുടങ്ങി. ഇന്ന് ഞാൻ യു.കെ ജൽസസാലാനയിലും ആഗോളബയ്അത്തിലും പങ്കെടുത്തു. ഇതിൽ സകലമാന അഹ്മദികളും എം.ടി.എ ചാനൽമുഖേന പങ്കെടുത്തിരുന്നു. ഇതെല്ലാം ഞാനെന്റെ കണ്ണുകൊണ്ട് കണ്ടപ്പോൾ എനിക്ക് സംതൃപ്തിയായി. ഞാൻ എപ്പോഴും ചിന്തിച്ചിരുന്ന അക്കാര്യം, എല്ലാവരും ഒരു കൈയിൽ സംഘടിക്കുക എന്നതും ഞാൻ കണ്ടു. എന്റെ ആ ചോദ്യത്തിന് ഉത്തരം കിട്ടി. അതുകൊണ്ട് ഇന്നുമുതൽ അഹ്മദിയ്യത്ത് സ്വീകരിച്ചതായി ഞാൻ പ്രഖ്യാപിക്കുന്നു. ഞാനെന്റെ കുടുംബത്തോടും ഖിലാഫത്തിന്റെ പിന്നാലെ നടക്കാൻ പറയുന്നതാണ്.

ശ്രീലങ്ക(Sri Lanka)ജമാഅത്തിന്റെ സ്വദർ അഹ്മദിയ്യത്ത് സ്വീകരിച്ചതിനെ സംബന്ധിച്ച് എഴുതുന്നു: തദ്ദേശ ജമാഅത്തുകളിൽ സംഘടിതമായ നിലയിൽ ജൽസ കേൾക്കുന്നതിനുള്ള സംവിധാനം ചെയ്യപ്പെട്ടിരുന്നു. കൊളംബോയിലെ ജമാഅത്ത് സെന്ററിൽ രാജ്യത്തിന്റെ ഇപ്പോഴത്തെ അവസ്ഥകൾ പരിഗണിച്ച് വരാനും പോകാനുമുള്ള ബുദ്ധിമുട്ടുകൾ ഏറെ ഉണ്ടായിട്ടും അഹ്മദികളും അനഹ്മദികളുമായ 85 പേർ ജൽസയിലും ആഗോളബയ്അത്ത് പരിപാടിയിലും പങ്കെടുത്തു. ഈ അവസരത്തിൽ രണ്ടു സഹോദരങ്ങൾ ബയ്അത്തു ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചു. ഇപ്രകാരംതന്നെ തൽസമയസ്ട്രീമിംഗിലൂടെ നൗഗമ്പോ, പസ്യാല, പൗലൗനർവ എന്നിവിടങ്ങളിലും ജമാഅത്തംഗങ്ങൾ സംഘടിതമായ നിലയിൽ ജൽസയിൽ പങ്കെടുത്തു. മുഴുവൻ പരിപാടികളും തമിഴ് ഭാഷയിൽ തർജമയും ചെയ്യപ്പെട്ടു. ഈ പരിപാടികളുടെ ഫലമായി നാലു സഹോദരങ്ങൾക്ക് അഹ്മദിയ്യത്ത് സ്വീകരിക്കാൻ തൗഫീഖു കിട്ടി.

അൽബേനിയ(Albania)യെ കുറിച്ച് റി

പ്പോർട്ടുണ്ട്. അവിടെ തൽസമയ തർജമ യൂട്യൂബിൻ പ്രക്ഷേപണം ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. അത് അൽബേനിയായിലേയും കോസോവോയിലേയും മഖ്ദോണിയ, ജർമനി തുടങ്ങിയ രാജ്യങ്ങളിലുളള അൽബേനിയക്കാർ കേൾക്കുകയായിരുന്നു. നമ്മൾ തബ്‌ലീഗ് ചെയ്തുകൊണ്ടിരിക്കുന്ന ഒരു അൽബേനിയൻ മുസ്‌ലിം സ്നേഹിതൻ അൽബർട്ട്(Albert) സാഹിബ് ആദ്യമായിട്ടാണ് ജൽസാസാലാന യു.കെ. യുടെ സമാപന സെഷനിൽ പങ്കെടുത്തത്. ജൽസ കഴിഞ്ഞുടനെ പറഞ്ഞു: ഖലീഫത്തുൽ മസീഹിന്റെ പ്രസംഗം വിശുദ്ധ ഖുർആനിലെ ആയത്തുകളും നബി(സ)തിരുമേനിയുടെ ജീവിതചരിത്രവും ബുദ്ധിപരമായ തെളിവുകളും അടങ്ങിയതായിരുന്നു. അങ്ങേയറ്റം ലളിതമായ ഭാഷയിലുമായിരുന്നു. സ്ത്രീകളുടെ അവകാശങ്ങളെ കുറിച്ച് ആരാണോ ആക്ഷേപം ഉന്നയിക്കുന്നത് അവരുടെ എല്ലാ ആക്ഷേപങ്ങൾക്കുമുള്ള മറുപടികളും ഇന്ന് അദ്ദേഹം തന്റെ പ്രസംഗത്തിൽ വിവരിച്ചു. തിരിച്ചുപോയതിനു അല്പസമയം കഴിഞ്ഞ് വീണ്ടും അദ്ദേഹത്തിന്റെ ഫോൺ വന്നു. അദ്ദേഹം അഹ്മദിയ്യ ജമാഅത്തിനേയും ജൽസയേയും കുറിച്ച് തന്റെ വികാരം പ്രകടിപ്പിച്ചുകൊണ്ടേയിരുന്നു. അഹ്മദിയ്യ ജമാഅത്തു തന്നെയാണ് യഥാർഥ ഇസ്‌ലാമെന്ന് പറഞ്ഞു. ബയ്അത്തിന്റെ നിബന്ധനകളെ കുറിച്ച് പറഞ്ഞപ്പോൾ ജമാഅത്തിന്റെ അൽബേനിയിൽ ഭാഷയിലുള്ള ഉദ്ധരണി ഉദ്ധരിച്ചുകൊണ്ട് അതിൽ 10 നിബന്ധനകളുണ്ടെന്നും താൻ വായിച്ചുവെന്നും ഇപ്പോൾ താൻ ബയ്അത്തു ചെയ്യാൻ തയ്യാറാണെന്നും പറഞ്ഞു. അങ്ങനെ അദ്ദേഹം ജമാഅത്തിൽ പ്രവേശിച്ചു.

കോംഗോ(Congo)ബ്രാസവിലിലെ മുഅല്ലിം എഴുതി: ഒരു സ്ത്രീ ബിയോക്കൊ സ്റ്റെവി(Biyoko Stevie)യുടെ ഭർത്താവ് ആദ്യമെതന്നെ അഹ്മദിയ്യത്ത് സ്വീകരിച്ചു കഴിഞ്ഞിരുന്നു. തന്റെ ഭാര്യയും ഇസ്‌ലാം സ്വീകരിക്കണമെന്നുള്ളത് അദ്ദേഹത്തിന്റെ ആഗ്രഹമായിരുന്നു. തബ്‌ലീഗും ചെയ്യുന്നുണ്ടായിരുന്നു. ദുആയും ചെയ്യുന്നുണ്ടായിരുന്നു. പക്ഷേ, ചർച്ചിനെ ഉപേക്ഷിക്കാൻ ഭാര്യ തയ്യാറായിരുന്നില്ല. അവരെ ജൽസാസാലാന കണുന്നതിന് ക്ഷണിച്ചു. മൂന്നുദിവസവും ജൽസാ പരിപാടികൾ അവർ കണ്ടു. ജൽസയുടെ അവസാന ദിവസം ആ സ്ത്രീ പറഞ്ഞു, ഞാൻ മൂന്നു ദിവസമായി എന്റെ പാതിരിയുടേയും നിങ്ങളുടെ ഖലീഫയുടേയും കാര്യങ്ങളെ താരതമ്യം(compare) ചെയ്യുകയായിരുന്നു. ഞാൻ ഈ വീക്ഷണത്തിലെത്തിയിരിക്കുകയാണ്, ഖലീഫയുടെ സംസാരങ്ങളിൽ വളരെ കനമുണ്ട്. എല്ലാ ഓരോ കാര്യവും മനസ്സിൽ ഇറങ്ങിക്കൊണ്ടിരുന്നു. പാതിരിയുടെ സംസാരങ്ങൾ ഞങ്ങൾ നിത്യവും കേൾക്കാറുണ്ട്. പക്ഷേ, അദ്ദേഹം പറയുന്ന കാര്യങ്ങൾ മനസ്സിലിറങ്ങുന്നതായി ഒരിക്കലും അനുഭവപ്പെട്ടിട്ടില്ല. അങ്ങനെ ബയ്അത്ത് ചെയ്ത് ജമാഅത്തിൽ ചേർന്നു.

ഇത് ആളുകൾ പറഞ്ഞ അല്പം ചില സംഭവങ്ങളാണ്. അതാണ് ഞാൻ പറഞ്ഞത്. ജൽസയുടെ അവസരത്തിൽ ജൽസയുടെ പാരിപാടികൾക്കിടയിൽ നിങ്ങൾ കണ്ടിരുന്നതുപോലെ പ്രസിദ്ധരായ വ്യക്തിത്വങ്ങളുടെ ധാരാളം സന്ദേശങ്ങൾ കിട്ടി. 126 സന്ദേശങ്ങളാണ് ലോകം മുഴുവനുമുള്ള വിവിധ രാഷ്ട്രീയ നേതാക്കന്മാരിൽനിന്നും മറ്റു നേതാക്കന്മാരിൽനിന്നും ലഭിച്ചത്. അവയിൽ 101 എണ്ണം വീഡിയോകളായിരുന്നു. 25 എണ്ണം എഴുത്തിലൂടെയുള്ള സന്ദേശങ്ങളായിരുന്നു. മന്ത്രിമാരുടേയും പാർലമെന്റംഗങ്ങളുടേയും സന്ദേശങ്ങളായിരുന്നു. യു.കെ യ്ക്കു പുറമെ മറ്റു രാജ്യങ്ങളിൽനിന്ന് ആരൊക്കെയാണോ സന്ദേശങ്ങളയച്ചത് അവരിൽ അമേരിക്ക, കനഡ, സിയറലിയോൺ, ഉഗാണ്ട, ലൈബീരിയ, ന്യൂസിലാന്റ്, സ്പെയിൻ, ഹോളണ്ട് എന്നീ രാജ്യങ്ങൾപെടുന്നു. ലൈവ്സ്ട്രീമിന്റെ സംവിധാനങ്ങൾ 53 രാജ്യങ്ങളിലുണ്ടായിരുന്നു. ഇതുമുഖേന 53 രാജ്യങ്ങളിലെ ആളുകൾ യു.കെ.ജൽസയിൽ പങ്കെടുത്തു. യൂറോപ്പിലും ആഫ്രിക്കയിലും ഏഷ്യയിലും ഈ 53 രാജ്യങ്ങളിലും 80 സ്ഥലങ്ങളിൽനിന്ന് ആളുകൾ പങ്കെടുത്തു.

പ്രസ്സിന്റേയും മാധ്യമങ്ങളുടേയും കവറേജ്, കോവിഡു കാരണം പൊതുവെ അവരെ ക്ഷണിച്ചിരുന്നില്ല പക്ഷേ, രണ്ടു മാധ്യമ ഔട്ട്ലെറ്റുകൾ പ്രത്യേകമായ നിലയിൽ അപേക്ഷിച്ച് വരാനുള്ള അനുവാദം വാങ്ങി. അവർക്ക് അനുവാദം നല്കപ്പെട്ടു. പ്രസ്സ് സെക്ഷൻ വിചാരിച്ചിരുന്നത് ഇപ്രാവശ്യം വലിയ ചലഞ്ചിംഗുള്ളതുകൊണ്ട് എങ്ങനെ നമ്മൾ ജൽസാസാലാനയെ കുറിച്ച് ജനങ്ങളോടു പറയുമെന്നാണ്.പക്ഷേ, അല്ലാഹു എങ്ങനെയാണ് ഏർപാടാക്കിയതെന്നാൽ അവൻതന്നെ കവറേജിനുള്ള ഏർപാടു ചെയ്തു. രണ്ടുമാധ്യമങ്ങളും, ബി.ബി.സിക്കാരും മറ്റൊരു ചാനൽക്കാരും വരികയും ചെയ്തിരുന്നു. ഇതിനു പറുമെ ബി.ബി.സി, ഐ.ടി.വി, മെട്രോ, എൽ.ബി.സി, ബി.ബി.സി റേഡിയോ സിർറെ, ബി.ബി.സി സൗത്ത് ടുഡേ, ബി.ബി.സി ന്യൂസ് വെബ്സൈറ്റ് തുടങ്ങിയവ വൻതോതിൽ കവറേജ് നല്കി. അവയിൽനിന്നെടുത്ത് മറ്റു മാധ്യമക്കാരും നല്കി. ഇപ്രകാരംതന്നെ റീജ്യണൽ തലത്തിലും 8 മാധ്യമ ഔട്ട്ലെറ്റുകൾ ജൽസ കവർ ചെയ്തു. ഇതിനുപുറമെ 28 വെബ്സൈറ്റുകൾ ജൽസയെ ഉദ്ധരിച്ച് വാർത്തകളും ആർട്ടിക്കുകളും പ്രസിദ്ധീകരിച്ചു. 20 മില്യണിലധികം ജനങ്ങളിലാണ് ഈ വെബ്സൈറ്റുകളെത്തുന്നത്. പ്രിന്റ്മീഡിയ നോക്കുകയാണെങ്കിൽ പത്രങ്ങളിൽ ജൽസയെ ഉദ്ധരിച്ചുകൊണ്ട് 14 ആർട്ടിക്കുകൾ പ്രസിദ്ധീകരിച്ചു. ഈ പത്രങ്ങൾ വായിക്കുന്നവരുടെ എണ്ണം 1.2 മില്യനാണ്. വിവിധ ടി.വി ചാനലുകളിൽ വന്ന 32 പരിപാടികളിൽ ജൽസാസാലാന കവർ ചെയ്തു. ഈ ടിവി ചാനലുകൾ കാണുന്നവരുടെ എണ്ണം 12 മില്യണിലധികമാണ്. റേഡിയോ സ്റ്റേഷൻ മുഖേന 33 പ്രോഗ്രമുകളിലൂടെ ജൽസാ സാലാന യു.കെ യെ കുറിച്ച് പരാമർശമുയുണ്ടായി. റേഡിയോ സ്റ്റേഷനുകൾ കേൾക്കുന്നവരുടെ ഏണ്ണം 1 മില്ല്യണിൽ കൂടുതലാണ്. സമൂഹമാധ്യമങ്ങൾ മുഖേന മീഡിയാ ഔട്ലെറ്റ്, പൊതുവ്യക്തികൾ മുഖേന ജൽസയുമായി ബന്ധപ്പെട്ടുകൊണ്ടുള്ള സന്ദേശങ്ങൾ അയക്കുകയുണ്ടായി. അത് ഏകദേശം 12 മില്ല്യൺ ആളുകളിൽ എത്തുകയുണ്ടായി. പ്രസ്സ് ആൻഡ് മീഡിയ ടീം വീഡിയോസ് ഉണ്ടാക്കിക്കൊണ്ട് സാമൂഹിക മാധ്യമങ്ങൾ വഴി പ്രചരിപ്പിക്കുകയുണ്ടായി. ഇത് 2 ലക്ഷത്തി 34 ആയിരത്തിൽ കൂടുതൽ ആളുകളിലെത്തി. ഇതെല്ലാം ഉൾപ്പെടുത്തുമ്പോൾ ഏകദേശം 57.5 മില്ല്യൺ ആളുകളിൽ ജൽസാസാലാനയുടെ പരിപാടികളെ ത്തുകയുണ്ടായി. പത്രപ്രവർത്തകർക്ക് പങ്കെടുക്കാനുള്ള അനുമതി ഇല്ലായിരുന്നു. പ്രസ്സ് ആൻഡ് മീഡിയ ടീം യു.കെ. ജമാഅത്തിന്റെ തബ്‌ലീഗ് വകുപ്പിന്റെ സഹായത്താൽ 32 പത്രപ്രവർത്തകർക്ക് ലങ്കറിലെ ഭക്ഷണം എത്തിക്കുകയുണ്ടായി. തുടർന്ന് അവർ അത് സംബന്ധമായി അനുമോദിക്കുകയും(appreciate) നല്ല പ്രതികരണം നൽകുകയും ചെയ്തു. ബി.ബി.സി സൗത്തിന്റെ പ്രതിനിധി പത്രപ്രവർത്തകനായ എഡ്വേഡ് സ്വാൾട്ട്(Edward Sault)പറയുന്നു: 'ഞാൻ എന്റെ ഏറ്റവും നല്ല സമയമാണ് ജൽസയിലൂടെ ചെലവഴിച്ചത്. ഉന്നതനിലവാരത്തിലുള്ള അതിഥി സത്ക്കാരവും അർഥവത്തായ പ്രഭാഷണങ്ങളും ശ്രവിച്ചപ്പോൾ തുടർന്നും നിങ്ങളുടെ കൂടെ പ്രവൃത്തിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.'

ഒരു പത്ര പ്രവർത്തകൻ തേവി നിത(Tevy Nitha) പറയുന്നു: 'നിങ്ങളുടെ ജമാഅത്തിന്റെ വിശാലമനസ്കത എന്നെ അമ്പരപ്പിക്കുന്നു.' ഒരു പത്ര പ്രവർത്തക നത്താശ ദേവോൺ(Natasha Devon) പറയുന്നു: 'യഥാർ

ത്വാലിബെ ദുആ

SABIR BURQA HOUSE

ALL TYPES OF READYMADE BURQA



ഓർഡർ അനുസരിച്ച് ബുർഖകൾ കൊരിയർ മുഖേന അയച്ചുകൊടുക്കുന്നതാണ്.

CIVIL LINES ROAD, OPP.FOUR STORY QADIAN
CONTACT NO: 98884 45694 (SABIR AHMAD)

• ഹദീഥുന്നബവി(സ): •

**'നിങ്ങളിൽനിന്ന് ആർക്കാണോ ദുആയുടെ വാതിൽ തുറക്കപ്പെട്ടത്, അവന് കാരുണ്യത്തിന്റെ വാതിൽ തുറക്കപ്പെട്ടു. അല്ലാഹുവിനോടു ഏതൊന്നാണോ ചോദിക്കപ്പെടുന്നത് അവയിൽ ഏറ്റവുമധികം പ്രിയപ്പെട്ടത് അവനോടു ആഫിയത്ത് അഥവാ സൗഖ്യം ചോദിക്കുന്നതാണ്.'** *(തിർമുദി, അബ്‌വാബുദ്ദഅ്‌വാത്ത്)*

ത്വാലിബെ ദുആ: K.Muhammad Shareef &Family
Ahmadiyya Jama-ath Vaniyambalam, Kerala

ഥത്തിൽ എല്ലാ മതങ്ങളും ഒന്നാണ്. നല്ല ആളുകൾ മതത്തെ ആളുകളെ ഒരുമിച്ചു കൂട്ടാനും ദരിദ്രരെ സഹായിക്കനും ഉപയോഗിക്കുന്നു. എന്നാൽ, മോശക്കാരായവർ മതത്തെ ദുരുപയോഗം ചെയ്യുന്നു. ജൽസാ സാലാന തീർച്ചയായും സച്ചരിതരായവരുടെ ഉദാഹരണമാണ്.'

ജൽസാ സാലാന യു.കെ ക്കുവേണ്ടി എം.ടി.എ 1885 പോസ്റ്ററുകളും ചിത്രങ്ങളും വീഡിയോകളും സാമൂഹ്യമാധ്യമങ്ങളിൽ അപ്‌ലോഡ് ചെയ്യുകയുണ്ടായി. ഇത് ഏകദേശം 4 മില്ല്യൺ ആളുകളിലെത്തി. 2 ലക്ഷത്തി പതിമൂവായിരം(2,03000) ആളുകൾ പോസ്റ്റ് ലൈക്ക് ചെയ്യുകയുണ്ടായി. അതുമയി ബന്ധപ്പെട്ടുകൊണ്ടുള്ള അവലോകനവും നടന്നു. സാമൂഹിക മാധ്യമങ്ങൾ വഴി 1236 വീഡിയോകൾ അപ്‌ലോഡ് ചെയ്തു. രണ്ടുലക്ഷത്തിമുപ്പത്തിയൊന്നായിരം(2,31000) പേർ അത് കാണുകയുണ്ടായി. മുഴുവനും കണ്ടവരുടെ സമയം കണക്കുകൂട്ടുകയാണെങ്കിൽ ഏകദേശം 4,70000 മണിക്കൂറാകുന്നു. എം ടി എ വെബ്സൈറ്റ് മുഖേന 24000 ആളുകൾ 92000 പ്രാവശ്യം കാണുകയുണ്ടായി.

എം.ടി.എ ആഫ്രിക്കയുടെ റിപ്പോർട്ടു പ്രകാരം തൽസമയം 20 ടി.വി ചാനൽ മുഖേന സം പ്രേഷണം നടന്നു. ഇതിൽ സർക്കാർ, സ്വകാര്യ ചാനലുകൾ അടങ്ങുന്നു. ചില ചാനൽ രാജ്യം മുഴുവൻ കാണുന്നവയാണ്. ഇതിൽ ഗാംബിയാ(Gambia)നാഷണൽ ടി വി, സിയറ ലിയോൺ (Sierra Leone) നാഷണൽ ടി.വി, ലൈബീരിയ(Liberia) നാഷണൽ ടി.വി കൂടാതെ സ്വകാര്യ ചാനലുകളുമുണ്ട്. ആഗോള ബയ്അത്തും സംപ്രേഷണം ചെയ്യുകയുണ്ടായി. 20 ടി വി ചാനൽ മുഖേന എന്റെ പ്രഭാഷണങ്ങൾ കാണുകയുണ്ടായി. അത് ഏകദേശം 35 മില്ല്യൺ ആളുകളിലാണ് എത്തിയത്.

ജൽസയുടെ സംപ്രേഷണം കൂടാതെ ജൽസയുമായി ബന്ധപ്പെട്ട വാർത്ത തയ്യാറാക്കിക്കൊണ്ട് ആഫ്രിക്കയിൽ അയക്കുകയുണ്ടായി. അതിനൽ ജൽസയുടെ 3 ദിവസവും 15ചാനലുകൾ ജൽസയുമായി ബന്ധപ്പെട്ടു കൊണ്ടുള്ള വാർത്തകൾ നൽകുകയും ഏകദേശം 15 മില്ല്യൺ ആളുകളിലെത്തുകയും ചെയ്തു.

Review of religions മുഖേനയും ജൽസയുടെ സന്ദേശങ്ങൾ എത്തിക്കുകയുണ്ടായി. സാമൂഹിക മാധ്യമങ്ങളും യൂട്യൂബ് വഴിയുമാണ് ജൽസയുടെ സന്ദേശം എത്തിച്ചത്. ജൽസയുമായി ബന്ധപ്പെട്ടു 40 ലേഖനങ്ങൾ എഴുതുകയുണ്ടായി. 12 വീഡിയോകൾ നിർമിച്ചു. 110ൽ അധികം പോസ്റ്റുകൾ അയച്ചു. 3 ലക്ഷത്തിൽപരം ആളുകളിലെത്തിക്കുകയും ചെയ്തു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജൽസയുടെ അതിമഹത്തായ അനുഗ്രഹങ്ങളാണ് അല്ലാഹു നമുക്ക് നൽകിയിരിക്കുന്നത്. ഞാൻ പറഞ്ഞതുപോലെ എനിക്ക് ലഭിച്ച സംഭവങ്ങളിൽനിന്നും എത്രമാത്രം സ്വാധീനമാണ് ജൽസ ഉണ്ടാക്കിയതെന്നതിനെ കുറിച്ചുള്ള ചില ഉദാഹരണങ്ങൾ മാത്രമാണ് പങ്കുവെച്ചത്. അല്ലാഹു ഓരോ അഹ്മദിയുടേയും വിശ്വാസത്തിലും ദൃഢതയിലും ഉന്നതി നൽകുമാറാകട്ടെ. ജൽസയുടെ സ്വാധീനം കുറച്ച് സമയങ്ങൾ ക്കുമാത്രമാകാതെ സ്ഥായിയായി നിലനിൽക്കുന്നതായി തീരട്ടെ.

നമസ്ക്കരശേഷം കുറച്ച് ജനാസ നമസ്കരിപ്പിക്കുന്നതാണ്. അതുകൊണ്ട് പരേതാത്മാക്കളെ അനുസ്മരിക്കുകയാണ്. ആദ്യത്തെ അനുസ്മരണം നുസ്റത്ത് ഖുദ്‌റത്ത് സുൽത്വാന സാഹിബയെ കുറിച്ചാണ്. ഖുദ്‌റത്തുല്ലാഹ് അദ്നാൻ സാഹിബ് കനഡയുടെ സഹധർമ്മിണിയാണ്. കഴിഞ്ഞ ദിവസം 55-ാമത്തെ വയസ്സിൽ വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* പരേത കൃത്യതയോടെ നമസ്കാരവും തഹജ്ജുദുനമസ്കാരവും നിർവഹിക്കുന്നവരായിരുന്നു. മലക്കിന്റെ സവിശേഷതയുള്ള ജീവിതമായിരുന്നു. ആശുപത്രിയിലിരിക്കെ അവിടെയുള്ള എല്ലാ ഡോക്ടർമാരേയും തബ്‌ലീഗ് ചെയ്തു. അവിടെ ഒരു മുസ്‌ലിം അറബ് ഡോക്ടറുണ്ടായിരുന്നു. അവർ വിശുദ്ധഖുർആൻ കേൾക്കാൻ നുസ്റത്ത് സാഹിബയുടെ അടുത്ത് വരുമായിരുന്നു. അവരെ സൂറ യാസീൻ ഓതി ക്കേൾപ്പിക്കുമായിരുന്നു. അവർ സംസാരങ്ങളിൽ എല്ലായിപ്പോഴും ഖിലാഫത്തിനെ കുറിച്ച് പറയുമായിരുന്നു. ഖിലാഫത്തുമായി കൂറോടുകൂടിയ ബന്ധമായിരുന്നു. അവരുടെ കുടുംബത്തിൽ അധികവും അനഹ്മദി സുന്നികളാണ്. അവരോടെല്ലാം തന്നെ കാലത്തിന്റെ ഇമാമിൽ ബയ്അത്ത് ചെയ്യാൻ പറയുകയും അവരെ തബ്‌ലീഗ് ചെയ്യുകയും ചെയ്തിരുന്നു. അവർക്ക് മൂന്നു മക്കളാണ്. ഒരു മകൻ റളിയല്ലാഹ് നുഅ്മാൻ ജാമിഅ അഹ്മദിയ്യ കാനഡയിലെ വിദ്യാർഥിയാണ്. മറ്റു രണ്ടുപേരിൽ ഒരാൾ സഹോദരിയും മറ്റൊരാൾ സഹോദരനുമാണ്

പരേതയുടെ ഭർത്താവ് പറയുന്നു: എന്റെ ഭാര്യ വഖ്ഫെ സിൻദഗിയെ പോലെയാണ് ജീവിതം കഴിച്ചു കൂട്ടിയത്. സന്താനങ്ങളുടെ ശിക്ഷണത്തിന് കഴിവിന്റെ പരമാവധി ശ്രമിച്ചിരുന്നു. ഖിലാഫത്തിനോടു അതിയായ സ്നേഹവും വിശ്വാസവുമായിരുന്നു. തബലീഗ് ചെയ്യാനുള്ള ആവേശവുമുണ്ടായിരുന്നു. ആ ആവേശം അവരുടെ മക്കൾക്കും പകർന്നു നൽകി. എല്ലാ മക്കളിലും തബ്‌ലീഗ് ചെയ്യാനുള്ള ആവേശമുണ്ടെന്ന കാര്യം ഞാനും മനസ്സിലാക്കിയതാണ്. അനിതരസാധാരണമായ ആവേശമാണ് അവരിലുള്ളത്. അല്ലഹുവിന്റെ അനുഗ്രഹത്താൽ നല്ല ശിക്ഷണം ലഭിച്ചു, പഠിക്കാനുള്ള ആവേശവുമുണ്ട്, അതിനുള്ള കഴിവും അല്ലാഹു നൽകിയിരിക്കുന്നു. അതുമുഖേന ബയ്അത്തും നടന്നുവരുന്നു. ഞാൻ പറഞ്ഞതുപോലെ ഒരു മകൻ റളിയല്ലാഹ് നുഅ്മാൻ സാഹിബ് കാനഡ ജാമിഅ അഹ്മദിയ്യായിലെ വിദ്യർഥിയാണ്. അദ്ദേഹവും നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്. അല്ലാഹു അദ്ദേഹത്തിനും മറ്റു മക്കൾക്കും നല്ല നിലയിൽ ദീനിനെ സേവിക്കനുള്ള സൗഭാഗ്യം നൽകുമറാകട്ടെ. അതുപോലെ അവരുടെ മാതാവിന്റെ ദുആകളുടെ അനന്തരവകാശികളായിരിക്കുമാറാകട്ടെ.

അവരുടെ മകൻ ജരിയുല്ലാഹ് അദ്നാൻ പറയുന്നു: മാതാവ് നന്മയിലും തഖ്‌വയിലും പരിശുദ്ധിയിലും ഉദാത്തവും മാതൃകാപരമായ സ്ത്രീയായിരുന്നു. അല്ലാഹുവുമായി പ്രത്യേകമായ ബന്ധമായിരുന്നു. മക്കളുടെ ശിക്ഷണത്തിൽ അങ്ങേയറ്റം ശ്രദ്ധിച്ചിരുന്നു. എപ്പോഴും അല്ലാഹുവിനെ ഓർത്തിരുന്നു. ദരിദ്രരുടെ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കുമായിരുന്നു, ചെറുപ്രായത്തിൽത്തന്നെ അല്ലാഹുവിൽ ദൃഢമായ വിശ്വാസമായിരുന്നു. ക്യാൻസറായിരുന്നു. അതറിഞ്ഞപ്പോഴും അല്ലാഹുവിന്റെ ഇഷ്ടത്തിൽ സംതൃപ്തയായി. ഞങ്ങളോട് ധൈര്യത്തോടെ നിലകൊള്ളാനും അല്ലാഹുവിലുള്ള വിശ്വാസം കൂടുതൽ ദൃഢമാക്കാനും പറയുമായിരുന്നു. ജീവിതവും മരണവും വലിയ കാര്യമൊന്നുമല്ലെന്ന് ഡോക്ടറോട് പറയുമായിരുന്നു, യഥാർഥ ജീവിതം എന്ന് പറയുന്നത് മറ്റുള്ളവർക്ക് നമ്മളെക്കൊണ്ട് സന്തോഷമുണ്ടാവുകയും സ്വന്തം പ്രവൃത്തികൾ മുഖേന സംതൃപ്തരാവുകയും ചെയ്യുമ്പോഴാണ്. അല്ലാഹു അവരുടെ പദവി ഉയർത്തു മാറാകട്ടെ.

രണ്ടാമത്തെ ജനാസ ചൗദരി ലത്വീഫ് അഹ്മദ് ജട്ട് സാഹിബിന്റേതാണ് കഴിഞ്ഞ ദിവസം 89- മത്തെ വയസ്സിൽ വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസിയായിരുന്നു. അവരുടെ കുടുംബത്തിൽ അഹ്മദിയ്യത്ത് ഹദ്റത്ത് ചൗദരി മുഹമ്മദ് ദീൻ സാഹിബ് വാസിൽ ബാഖീ നവേസ് മുഖേനയാണെത്തിയത്. അദ്ദേഹത്തിന്റെ പേര് അഞ്ചാമെ ആഥിം റൂഹാനി ഖസായിൻ വാള്യം 11, പേജ് 325-ൽ 313 സ്വഹാബാക്കളിൽ മൂന്നാമത്തെ സ്ഥാനത്ത് മിയാ മുഹമ്മദ് ദീൻ പട്ട്‌വാരീ ബലാനി ജില്ല ഗുജ്റാത്ത് എന്നാണ് എഴുതിയിരിക്കുന്നത്. ചൗദരി ലത്വീഫ് ജട്ട് സാഹിബ് 66-ൽ പഞ്ചാബ് യൂണിവേർസിറ്റി ലാഹോറിൽ നിന്നു എം എസ് സി ഫിസ്ക്സിൽ ഡിഗ്രീ നേടി, തഅ്ലീം വകുപ്പുമായി ബന്ധപ്പെട്ടാണ് ജോലി ചെയ്തിരുന്നത്. 1966 മുതൽ 68 വരെ തഅ്ലീമുൽ ഇസ്‌ലാം കോളേജ് റബ്‌വയിൽ ലക്ചററായി സേവനം അനുഷ്ഠിച്ചു. 68 മുതൽ 94 വരെ ഏകദേശം 24 വർഷക്കാലം സിയറലിയോണിൽ ഉസ്താദായും പ്രിൻസിപ്പാളായും വളരെ സന്തോഷത്തോടെ സേവനം ചെയ്തു, വഖ്ഫെ സിന്ദഗി ആയിരുന്നു. ആഫ്രിക്കയിൽ നിന്നു തിരിച്ചു വന്നതിനുശേഷം ഏകദേശം 5 വർഷം നാഇബ് വക്കീലുമാൽ ഥാനിയായും 7 വർഷം നാഇബ് വക്കിലുൽമാൽ ഥാലിഥായും സേവനമനുഷ്ഠിക്കനുള്ള സൗഭാഗ്യം ലഭിച്ചു.

ഞാൻ പറഞ്ഞതുപോലെ സിയറലിയോണിൽ ജമാഅത്തിന്റെ സ്കൂളിൽ പഠിപ്പിക്കുകയുണ്ടായി. 1971-ൽ അദ്ദേഹം ജീവിതം വഖ്ഫു ചേയ്തു. 2007 ജനുവരി 1-ന് വക്കീലുൽമാൽ ഥാലിഥായി നിയമിതനായി. അദ്ദേഹം അരനൂറ്റാണ്ടിലധികം ജമാഅത്തിന് സേവനം ചെയ്തു.

അദ്ദേഹത്തിന്റെ ഭാര്യ റശീദ ലത്വീഫ്

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarmalayalam@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-7 Thursday 15 September 2022 Issue-37

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

സാഹിബ പറയുന്നു: എന്റെ ഭർത്താവ് സിയറലിയോണിലായിരിക്കുന്ന നേരത്താണ് ഞാൻ വിവാഹം കഴിഞ്ഞ് അവിടെ പോവുന്നത്. ആ നേരത്ത് അദ്ദേഹം എന്നെ ഉപദേശിക്കുകയുണ്ടായി, ഇവിടെ ഒരു വഖ്ഫെ സിന്ദഗിയെ സംബന്ധിച്ച് ഏഷ്യയിലെ ഭക്ഷണ സാധനങ്ങൾ വാങ്ങി കഴിക്കുക സാധ്യമല്ല. വഖ്ഫെ സിന്ദഗിക്കും ഭാര്യക്കും പ്രാദേശിക ഭക്ഷണമാണ് കഴിക്കേണ്ടത്. അതിനാൽ പ്രാദേശിക ഭക്ഷണം ഉണ്ടാക്കാൻ പഠിക്കുക. അതുമൂലം പിന്നീട് നമുക്ക് എളുപ്പമായിരിക്കും.' സാധാരണ ജീവിതമാണ് നയിച്ചിരുന്നത്. വളരെ യധികം ശ്രദ്ധിക്കുമായിരുന്നു. അദ്ദേഹത്തിന്റെ കൂടെ ജോലി ചെയ്തവരും അദ്ദേഹത്തിന്റെ ഗുണങ്ങളെ കുറിച്ച് പറയുമായിരുന്നു. ഓരോരുത്തരും അദ്ദേഹത്തെ പ്രശംസിക്കുമായിരുന്നു. അല്ലാഹു അദ്ദേഹത്തോട് മഗ്ഫിറത്തോടും കാരുണ്യത്തോടും പെരുമാറട്ടെ. അദ്ദേഹത്തിന്റെ പദവികളുയർത്തുമാറാകട്ടെ അദ്ദേഹത്തിന്റെ കുടുംബത്തിന് സഹനശക്തി ചൊരിയുമാറാകട്ടെ. അദ്ദേഹത്തിന് ഒരു മകനും ഒരു മകളുമാണുള്ളത്. ഒരു കുട്ടി ചെറുപ്രായത്തിൽത്തന്നെ മരിച്ചു പോയിരുന്നു. അവർക്ക് അദ്ദേഹത്തിന്റെ നന്മകൾ നിലനിറുത്തുവാനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

മൂന്നാമത്തെ ജനാസ മുശ്താഖ് അഹ്മദ് ആലം സാഹിബിന്റേതാണ്. ബഹുമാന്യ മുഹമ്മദ് ആലം സാഹിബ് മർഹൂം മീർപൂർ ആസാദ് കശ്മീരിന്റെ മകനാണ്. 2022 ജൂലായ് 19 ന് 60-ാം വയസ്സിൽ വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസിയായിരുന്നു. അദ്ദേഹത്തിന്റെ സന്തപ്ത കുടുംബത്തിൽ ഭാര്യ അള്മത്ത് ബീബി സാഹിബ കടാതെ 6 ആൺമക്കളും രണ്ടു പെൺമക്കളുമാണുള്ളത്. മൂന്ന് ആൺമക്കളും ഒരു ജാമാതാവും ഖുർആൻ ഹാഫിളാണ്. 3 മക്കൾ മുറബ്ബിമാരണ്. അതിൽ ഒരാൾ ഹാഫിള് മുസവ്വിർ അഹ്മദ് മുസമ്മിൽ പശ്ചിമാഫ്രിക്കയിലെ സെനഗലിൽ(Senegal)ലാണുള്ളത്. രണ്ടാമത്തെ മകൻ ഹാഫിള് അഖ്ലാഖ് അഹ്മദാണ്. മൂന്നാമത്തെ മകൻ അബ്ദുൽ ഖാലിക് സാഹിബ് ആർക്യോളജിയിൽ പ്രത്യേകമായ പഠനം നടത്തുകയാണ്. സെനഗലിൽ(Senegal)ലുള്ള മകന് ജനാസയിൽ പങ്കു ചേരാൻ സാധിച്ചില്ല. അല്ലാഹു അദ്ദേഹത്തിന് സഹനവും ധൈര്യവും നൽകുമറാകട്ടെ അല്ലഹു മർഹൂമിനോട് കാരുണ്യത്തോടെ പെരുമാറട്ടെ. ഞാൻ പറഞ്ഞതു പോലെ നമസ്കാരശേഷം ഇവരുടെ ജനാസ ഗായിബ് നമസ്കരിപ്പിക്കുന്നതാണ്.

പേജ് 7 ൽ നിന്ന്

936 ലാണ് ജർമനിയുടെ ആദ്യത്തെ രാജാവ് സിംഹാസത്തിൽ വാഴ്ത്തപ്പെട്ടത്. അക്കാലം മുതൽ 600 വർഷംവരെ ആഖൻ(അമരവലി) നഗരം ജർമൻ രാജക്കന്മാരുടെ തലസ്ഥാനമായിരുന്നു. ഇവിടെ ധാരാളം രാജാക്കന്മാരുടെ ശവകുടീരങ്ങളുണ്ട്.

ഇവിടെ വളരെ വലിയൊരു യൂണിവേഴ്സിറ്റിയുമുണ്ട്. ഈ നഗരത്തിൽ അമ്പതിനായിരം വിദ്യാർഥികൾ വിദ്യ അഭ്യസിക്കുന്നു.

(തുടരും)




പേജ് 1 ൽ നിന്ന്

ഉണ്ടായിരുന്നില്ല.

ഇതിനെ സംബന്ധിച്ച് ചോദ്യമുണ്ടാകാം. ഖുർആനിക വചനങ്ങളെ ഒരിക്കലും മാറ്റിയിട്ടില്ലെന്നാണെങ്കിൽ ഈ ആയത്തിന്റെ അർഥമെന്താണ്? അതിനുള്ള മറുപടി ഇതാണ്: **ആയത്ത്** എന്ന പദം പൊതുവായി വിശുദ്ധ ഖുർആനിൽ ഉപയോഗിക്കപ്പെട്ടിരിക്കുന്നത് **ദിവ്യ ദൃഷ്ടാന്തം** എന്ന അർഥത്തിലാണ്. അതുതന്നെയാണ് ഇവിടേയും ഉദ്ദേശ്യം. അല്ലാഹു പറയുന്നു:നാം ഒരു ദൃഷ്ടാന്തം മാറ്റി തൽസ്ഥാനത്ത് രണ്ടാമത്തെ ദൃഷ്ടാന്തം കൊണ്ടുവരുമ്പോൾ അങ്ങനെ ചെയ്യുന്നത് ആക്ഷേപാർഹമാകുകയില്ല. കാരണം ഏതു ദൃഷ്ടാന്തം ഏതു അവസരത്തിന് ചേർന്നതാണെന്ന കാര്യം അല്ലാഹുവാണ് നല്ലവണ്ണം അറിയുന്നത്. അപ്പോൾ അവിശ്വാസികൾ ആക്ഷേപമുന്നയിക്കാൻ തുടങ്ങുന്നു. നീ കള്ളനാണെന്ന് അവർ പറയുന്നു. എന്നാൽ, ഈ ആക്ഷേപം അവരുടെ അജ്ഞതയിലധിഷ്ഠിതമാണ്. ഇതെങ്ങനെയുള്ള നിയമമാണെന്നാൽ അതിന്റെ പ്രകടനം എല്ലാ നബിമാരുടേയും കാലത്തുണ്ടാകുന്നു. അതായത് എല്ലാ നബിമാരോടും ചില മുന്നറിയിപ്പടങ്ങുന്ന കാര്യങ്ങൾ പറയപ്പെടാറുണ്ട്. അത് യഥാർഥത്തിൽ നിബന്ധന അടങ്ങിയതായിരിക്കും. സംബോധന ചെയ്യപ്പെടുന്ന ജനതയുടെ അവസ്ഥകൊണ്ട്, അവർ തങ്ങളുടെ മനസ്സിന്റെ അവസ്ഥ മാറ്റുകയാണെങ്കിൽ ആ മുന്നറിയിപ്പ് നല്കിയിരുന്ന വാർത്തയും നീങ്ങിപ്പോകുന്നു;വിശുദ്ധ ഖുർആനിൽ ഹദ്റത്ത് യൂനുസിന്റെ ജനതയുടെ സംഭവം വിവരിച്ചിട്ടുള്ളതുപോലെ. അതായത് അവർ നാശമടയുമെന്ന വിവരം ഹദ്റത്ത് യൂനുസ്(അ)മുഖേന നല്കപ്പെട്ടിരുന്നു. എന്നാൽ, പിന്നീട് അവർ തൗബ ചെയ്ത കാരണത്താൽ അതു മാറ്റപ്പെട്ടു.*(യൂനുസ് റുക്കൂഅ് 10)*

ഇതു മുന്നറിയിപ്പു പരമായ പ്രവചനങ്ങളെ സംബന്ധിച്ചാണ്. അതായത് എതിരാളികൾ പശ്ചാത്തപിക്കുകയാണെങ്കിൽ നിശ്ചയിക്കപ്പെട്ട ശിക്ഷ തടയപ്പെടുന്നു. എന്നാൽ, അതിനെ സംബന്ധിച്ചുമുള്ള അല്ലാഹുവിന്റെ നടപടിക്രമം വാഗ്ദാനം ചെയ്യപ്പെട്ട ജനത പൂർണമായും ത്യാഗത്തോടെ പ്രവൃത്തിക്കുന്നില്ലെങ്കിൽ അല്ലെങ്കിൽ പൂർണമായ അനുസരണം കാണിക്കുന്നില്ലെങ്കിൽ അതു പൂർത്തിയാകുന്നത് താമസിപ്പിക്കുന്നതാണ്. മൂസാ(അ)ന്റെ ജനതയെ സംബന്ധിച്ച് അല്ലാഹു പറയുന്നു. അവർ തുടർച്ചയായി ആജ്ഞാലംഘനം [illegible] വേശിക്കുന്നതിന് ഹ്ദറത്ത് മൂസാ(അ)ഈജിപ്റ്റിൽനിന്ന് പുറത്തുകൊണ്ടുവന്നവരുടെ വിജയം 40 വർഷം വരെ തടയപ്പെട്ടു.

ഉപര്യുക്ത നിയമമനുസരിച്ച് മുന്നറിയിപ്പിന്റെ പ്രവചനം എപ്പോഴെങ്കിലും നീങ്ങിപ്പോകുകയാണെങ്കിൽ അവിശ്വാസികൾ ഇയാൾ കള്ളനാണെന്ന് പറഞ്ഞ് ബഹളമുണ്ടാക്കുന്നു. സത്യവാനാണെങ്കിൽ എന്തുകൊണ്ട് പറഞ്ഞകാര്യം പുലർന്നില്ലെന്ന് ചോദിക്കുകയും ചെയ്യുന്നു. ഇത്തരം ആക്ഷേപങ്ങൾ അവർ നബി(സ)തിരുമേനിയെ സംബന്ധിച്ചും ഉന്നയിക്കാറുണ്ടായിരുന്നു. അതുസംബന്ധമായി അല്ലാഹു പറയുന്നു, ദൃഷ്ടാന്തങ്ങൾ ഏതെങ്കിലും ഉദ്ദേശ്യത്തിനും ആഗ്രഹത്തിനുംവേണ്ടിയാണ് ഇറങ്ങുന്നത്. ഒരു വ്യക്തി തന്നെ സ്വയം നന്നാക്കിയതായി നാം കാണുമ്പോൾ നാം അവനെ സംബന്ധിച്ച് നമ്മുടെ കല്പനയും മാറ്റുന്നു. അവന്റെ ശിക്ഷ കാലഹരണപ്പെടുത്തുന്നു. ആ സ്ഥാനത്ത് അവന് നമ്മുടെ കാരുണ്യത്തിന്റെ ദൃഷ്ടാന്തം കാണിക്കുന്നു. കാരണം നമ്മുടെ ഉദ്ദേശ്യം ശിക്ഷിക്കുകയെന്നതല്ല. പ്രത്യുത നന്നാക്കിയെടുക്കുക എന്നതായിരിക്കും. നബി(സ)തിരുമേനിയുടെ ജീവിതത്തിൽ അത്തരം ഒരുപാട് അവസരങ്ങൾ വന്നു ഭവിച്ചിട്ടുണ്ട്. ഉദാഹരണത്തിന് ഇതുതന്നെ. വിശുദ്ധ ഖുർആനിൽ അല്ലാഹു മക്കയിലെ അവിശ്വാസികളെ സംബന്ധിച്ച് പറയുന്നു:**ലാ യുഅ്മിനൂൻ** അവർ വിശ്വസിക്കുകയില്ല.*(ബഖറ റുക്കൂഅ് 1)*പക്ഷേ, പിന്നീട് അവരിൽനിന്ന് ധാരാളമാളുകൾ വിശ്വസിച്ചു. ഇത് ശിക്ഷയെ കുറിച്ചുള്ള വാർത്തയായിരുന്നു. ഇക്കാരണത്താൽ ആരൊക്കെയാണോ തങ്ങളിൽ ദൈവഭയമുണ്ടാക്കിയത് അവരുടെ ശിക്ഷ മാറ്റപ്പെട്ടു. അവർ ഈമാൻ പ്രദാനം ചെയ്യപ്പെട്ടു.

ബാഹ്യമായി നോക്കുമ്പോൾ ഈ പ്രശ്നം തികച്ചും വ്യക്തമാണ്. പക്ഷേ, എപ്പോഴും ആളുകൾ ഇതു സംബന്ധമായി വഞ്ചിതരാകുന്നു. അതിനു കാരണം ആളുകൾ കാര്യം മാറ്റുന്നതിനെ കളവായി മനസ്സിലാക്കുന്നു. വാസ്തവത്തിൽ ശിക്ഷ മാറ്റുക എന്നത് കളവാകുകയില്ല. വാഗ്ദാനം മാറ്റുക എന്നതാണ് കളവ്! അറബി ഭാഷയിൽ വാഗ്ദാനം മാറ്റുന്നതിനെ കളവെന്ന് പറയുന്നു. വഈദ് അതായത് ശിക്ഷയുടെ അറിയിപ്പ് മാറ്റുന്നതിനെ കളവ് എന്ന് പറയുകയില്ല. പ്രത്യുത അതിനെ കരുണയെന്നും നന്മയെന്നുമാണ് പറയുന്നത്. അഖ്റബ് എന്ന നിഘണ്ടുവിൽ എഴുതിയിരിക്കുന്നു, ***അൽഖൽഫു ഫിൽ വഅ്ദി യിൻദൽ അറബി കദബുൻ വഫിൽ വയീദി കറമുൻ*** അതായത് വാഗ്ദാനം മാറ്റുക എന്നത് അറബികളുടെ പക്കൽ കളവെന്ന് പറയപ്പെടുന്നു. **വയീദ്** അതായത് ശിക്ഷയുടെ വാർത്ത മാറ്റുക എന്നത് മാന്യതയെന്നും നന്മയെന്നും പറയുന്നു.

ചുരുക്കത്തിൽ ഈ ആയത്തിന്റെ ഒരു അർഥം നാം ശിക്ഷയുടെ അറിയിപ്പുകൾ ചിലപ്പോഴൊക്കെ മാറ്റാറുണ്ട്. അവിശ്വാസികൾ ഇതിനുമേൽ ആക്ഷേപം ഉന്നയിക്കുന്നു. പക്ഷേ, അവരുടെ ആക്ഷേപം ശരിയല്ല. അങ്ങനെ ചെയ്യുക എന്നത് കൃത്യമായും യുക്തിയനുസരിച്ചാണ്. ആക്ഷേപാർഹമാകാൻ അതിൽ ആരുടേയും അവകാശം ധ്വംസിക്കപ്പെടുന്നില്ല. ഈ അർഥത്തിന്റെ അടിസ്ഥാനത്തിൽ ഈ ആയത്തിന്റെ ബന്ധം മുമ്പേ വിവരിച്ചു കഴിഞ്ഞിട്ടുള്ള മുന്നറിയിപ്പുപരമായ ദൃഷ്ടാന്തങ്ങളുമായിട്ടായിരിക്കും.*(തഫ്സീറെ കബീർ വാള്യം 4, പേജ് 237, പ്രസാധനം ഖാദിയാൻ 2010)*

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin